കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail: doalp.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി/പി6-806/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ - 688011

തീയതി, 04.01.2021

ഇ-മെയിൽ : doalp.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : - ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച് -

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി6-806/2020 തീയതി: 04.01.2021

# ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2018 മുതൽ 31.10.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | കെ.വി. സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 19-11-2020 മുതൽ<br>27-11-2020 വരെ | ശ്രീ. പി. സാബു (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ)<br>ശ്രീ.രാജേഷ്.കെ.ജി. (അസി. ഓഡിറ്റ് ഓഫീസർ)<br>ശ്രീമതി. ശ്രീദേവി. ആർ. (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീമതി. രഞ്ജുപ്രകാശ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. സുനിൽ. കെ.ബി (ഓഡിറ്റർ) |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| പ്രൊഫ. വി. വാസുദേവൻ | 01.04.2018 മുതൽ 31.03.2019 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. എസ്. ശുഭാദേവി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | | |
| | | |

| | | |
|---|---|---|
| 1. | ശ്രീ. ജയകുമാർ. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| | | |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. കുഞ്ഞുമോൾ റെജി | 01.04.208 മുതൽ 31.03.2019 വരെ |
| 2 | വികസനകാര്യം | ശ്രീ. നികേഷ് തമ്പി | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. ആർ.ഷൈലജ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ-<br>വിദ്യാഭ്യാസകാര്യം | ശ്രീ. എസ്.ജ്യോതികുമാർ | 01.04.2018 മുതൽ 31.03.2019 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.പ്രീതകുമാരി.ബി | 01.04.2018 മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. എസ്.ജെ.ലേഖ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മേരിലത.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | ഡോ. സ്മിത. | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ. നൈസി ഖാൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | ഡോ. അബ്ദുൾ റസാക്ക് | 01.04.2018 മുതൽ 31.03.2019 വരെ |
| 7 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ബീന. പി. എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | ശ്രീമതി. ചാച്ചിക്കുട്ടി തോമസ്സ് | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. സാജ്. എം | 01.04.2018 മുതൽ 31.03.2019 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഒ.ഷൈലജ<br>ശ്രീമതി.ഐശ്വര്യ.ആർ.കെ | 01.04.2018 മുതൽ 31.03.2019 വരെ<br>01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ<br>1-12 വരെ | പൊതു അവലോകനം |
| 2 | 1-13 | ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി പിരിവിലെ അപാകതകൾ |
| 3 | 1-14 | ഫാക്ടറികൾക്കും,വ്യവഹാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-പിരിവിൽ അപാകത |
| 4 | 1-15 | വസ്തു നികുതി-അപാകതകൾ |
| 5 | 1-16 | ലേലം-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 6 | 1-17 | പഠനമുറി നിർമ്മാണം-പ്രോജക്ട് ലക്ഷ്യം പൂർണ്ണമായും കൈവരിച്ചില്ല |
| 7 | 1-18 | ഭവന പുനരുദ്ധാരണം - രേഖകൾ കൃത്യമല്ല- |
| | | |

| | | |
|---|---|---|
| 8 | 1-19 | വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 9 | 1-20 | വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകതകൾ |
| 10 | 1-21 | നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്തവരിൽ നിന്നും പിഴ ഈടാക്കാത്തത് |
| 11 | 1-22 | സ്പോർട്സ് കിറ്റ് വിതരണം -മാർഗ്ഗരേഖ പ്രകാരമുള്ള തുകയേക്കാളും അധികം നല്കി |
| 12 | 1-23 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-കുറഞ്ഞ നിരക്ക് പരിഗണിക്കാതിരുന്നതിനാൽ അധികചെലവ് |
| 13 | 1-24 | പഞ്ചായത്ത് ഓഫീസിൽ സി.സി. ടി.വി. ക്യാമറ സ്ഥാപിക്കൽ- കൂടിയ നിരക്ക് അംഗീകരിച്ചത് മൂലം അധിക ചെലവ് |
| 14 | 1-25 | ഫെസ്റ്റിവൽ അഡ്വാൻസ് പൂർണ്ണമായും ഈടാക്കിയില്ല |
| 15 | 1-26 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഐ.റ്റി. ഉപകരണങ്ങൾ വാങ്ങി-അധിക തുക നൽകിയത് നിരാകരിക്കുന്നു |
| 16 | 1-27 | സബ്സിഡി നിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി |
| 17 | 1-28 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അപാകതകൾ |
| 18 | 1-29 | ലൈഫ് ഭവന പദ്ധതി - അവലോകനം- |
| 19 | 1-30 | സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച തുക വിനിയോഗിക്കപ്പെടാതെ പാഴായി - |
| | | ഭാഗം 2 |
| | | ഇല്ല |
| | | ഭാഗം 3 |
| 20 | 3-1 | വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകതകൾ |
| 21 | 3-2 | സ്പോർട്സ് കിറ്റ് വിതരണം-മാർഗ്ഗ രേഖ പ്രകാരമുള്ള തുകയേക്കാളും അധികം നല്കി- |
| 22 | 3-3 | മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-കുറഞ്ഞ നിരക്ക് പരിഗണിക്കാതിരുന്നതിനാൽ അധികചെലവ് |
| 23 | 3-4 | പഞ്ചായത്ത് ഓഫീസിൽ സി.സി. ടി.വി. ക്യാമറ സ്ഥാപിക്കൽ- കൂടിയ നിരക്ക് അംഗീകരിച്ചത് മൂലം അധിക ചെലവ് |
| 24 | 3-5 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഐ.റ്റി. ഉപകരണങ്ങൾ വാങ്ങി-അധിക തുക നൽകിയത് നിരാകരിക്കുന്നു |
| 25 | 3-6 | സബ്സിഡി നിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി |
| | | ഭാഗം 4 |
| 26 | 4-1 മുതൽ 4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 27 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 28 | അനുബന്ധം-2 | |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

20.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 199710330/- | 199696030/- |

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2019 | 15/05/2019 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2018-19 | KSA-ALP-P6/ 575 /2019 തീയതി. 26.06.2019 | വിശേഷണങ്ങളോടുകൂടിയത് |

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,40,12,241 |
| വരവ് | 9,26,08,116 |
| ആകെ | 11,66,20,357 |
| ചെലവ് | 8,98,29,918 |
| നീക്കിയിരിപ്പ് | 2,67,90,439 |

1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | | 22692000 | 22692000 | 21003637 | 1688363 |
| വികസനഫണ്ട് എസ്.സി.പി | | 14644000 | 14644000 | 12627700 | 2016300 |
| വികസനഫണ്ട് ടി.എസ്.പി | | 78666 | 78666 | 00 | 78666 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | | 9688000 | 9688000 | 3456231 | 6231769 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | | 4661000 | 4661000 | 3762819 | 898181 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 12772993 | 12772993 | 4999584 | 7773409 |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 136728579 | 69 | 67003036 | 19 | 94 | 37.9 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2720 | 718196 | 720916 | 661251 | 59665 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 63665000 | 63665000 | 63665000 | 00 |
| ആകെ | 2720 | 64383196 | 64385916 | 64326251 | 59665 |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 2,81,040 | 303 |
| കർഷകതൊഴിലാളി പെൻഷൻ | 1,32,53,000 | 1013 |
| വിധവാ പെൻഷൻ | 1,81,40,300 | 1519 |
| വാർദ്ധക്യകാല പെൻഷൻ | 3,04,99,300 | 2653 |
| വികലാംഗ പെൻഷൻ | 48,39,700 | 377 |
| അവിവാഹിത പെൻഷൻ | 10,89,500 | 89 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 1,80,000 | 06 |

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20/11/2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,968/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടാകുന്നു. മൊബൈൽ ടവർ കെട്ടിടത്തിന് അനർഹമായി ഇളവു നൽകുന്നു, ഒരേ കെട്ടിടം പലഭാഗങ്ങളായി തിരിച്ച് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിക്കുന്നു.
2. ജീവനക്കാർക്ക് മുൻവർഷങ്ങളിൽ നൽകിയ മുൻകൂർ ഇപ്പോഴും ഈടാക്കാൻ അവശേഷിക്കുന്നു. വായ്പാ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തത് ഇത്തരം അപാകതകൾക്ക് വഴിവെയ്ക്കുന്നു.
3. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്ററുകളിൽ വിവിധയിനം ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ചുള്ള വിവരം രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/10/2020 | 03/2020-09/2020 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2016-2017 | 2012-13 മുതൽ 2016-17 വരെ | 23/08/2017 |

1-12 വാർഷിക കണക്കിലെ അപാകതകൾ

Contribution towards Joint Venture Projects – from District Panchayat എന്ന ഹെഡിലെ തൻവർഷ ചെലവ് സുലേഖ പത്രിക പ്രകാരം 19,49,615/- രൂപയാണെങ്കിലും വാർഷിക കണക്ക് 1-6 ഷെഡ്യൂൾ പ്രകാരം 24,20,704/- രൂപയാണ്. വ്യത്യാസം വ്യക്തമാക്കപ്പെട്ടിട്ടില്ല. വാർഷിക കണക്ക് പരിശോധനയിൽ ചൂണ്ടിക്കാട്ടിയ മറ്റ് അപാകതകൾ ഓഡിറ്റ് വേളയിലും പരിഹരിക്കാതെ അവശേഷിക്കുന്നു (കെ.എസ്.എ-എ.എൽ.പി/പി6-575/19 തീയതി 26.06.2019).

1-13 ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി പിരിവിലെ അപാകതകൾ

തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടിയാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ No. (CS)എ 9-764/2009 നമ്പർ ഉത്തരവ്)

അതുപോലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | മാവേലി സ്റ്റോർ, ഭരണിക്കാവ് | I & II |
| 2. | കറ്റാനം മെഡിക്കൽ സെന്റർ | I & II |
| 3 | നഗരൂർ ആശുപത്രി | I & II |
| 4 | സെന്റ്. തോമസ്സ് മിഷൻ ആശുപത്രി | II |
| 5 | കട്ടച്ചിറ KUCS A21 (D) ആപ്കോസ് | II |
| 6 | ഇലിപ്പക്കുളം ക്ഷീരോൽപ്പാദക സഹ. സംഘം | II |

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

താഴെ പറയുന്ന കരാറുകാർ ഈ പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയതായി ടെൻഡർ രജിസ്റ്റർ പരിശോധനയിൽ കാണുന്നു. ഇവരിൽ നിന്നും വാർഷിക തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

1) സുനിൽ കുമാർ. എസ്സ്

2) അനിൽ കുമാർ. കെ.

3) ചന്ദ്രശേഖരൻ ഉണ്ണിത്താൻ

4) റ്റി.ജി. മാത്യു.

5) സുരേഷ്.കെ.

6) മാത്തിൽ

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 16 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും,വ്യവഹാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്-പിരിവിൽ അപാകത

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, മാവേലി സ്റ്റോർ, കള്ള് ഷാപ്പുകൾ, തുടങ്ങിയ സ്ഥാപനങ്ങൾ 2018-19 വർഷം ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച വരുന്നു. നിലവിലും ഇവ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ച വരുന്നത്.

അതു പോലെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭൂരിഭാഗം സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കുന്നില്ലായെന്നു കാണുന്നു. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കിയില്ല. അതുകൊണ്ട് തന്നെ എത്ര സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു എന്ന് കണ്ടെത്തുവാനായിട്ടില്ല. ഡിമാൻറ് രജിസ്റ്റർ പ്രകാരം 361 സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. അതാതു വർഷം മാർച്ച് മാസത്തിന് മുൻപ് അതായത് ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ പഞ്ചായത്തിൽ നൽകിയിരിക്കണമെന്നതാണ് ചട്ടം. ഇത് പഞ്ചായത്തിൽ പാലിക്കപ്പെടുന്നതായി കാണുന്നില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ 4000/- രൂപ വീതമാണ് ഈടാക്കിയിട്ടുള്ളത്. 31/10/2017ലെ ഭേദഗതി ചട്ടങ്ങളിൽ ഇങ്ങനെയൊരു തുക കാണുന്നില്ല. എന്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ തുക ഈടാക്കിയതെന്ന് ഫയലിൽ രേഖപ്പെടുത്തലുകളില്ല. സ്മാൾ എന്റർപ്രൈസസിന്റെ ഗണത്തിൽ ഉൽപ്പാദനമേഖലയിൽ 1 കോടി മുതൽ 5 കോടിവരെ മുതൽ മുടക്കുള്ള സ്ഥാപനങ്ങൾ, സേവന മേഖലയിൽ യഥാക്രമം 50 ലക്ഷം മുതൽ 2 കോടി വരെ മുതൽ മുടക്കുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 5000/- രൂപ ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

1) ഓണാട്ടുകര നാളികേര ഉൽപ്പാദക കമ്പനി ലിമിറ്റഡ്

2) ഇൻഡ്യാ സിമന്റ് ഗോഡൗൺ

3) അശ്വതി മാർബിൾസ് & ഗ്രാനൈറ്റ്സ്

4) ഷാലിമാർ ഹാർഡ് വെയേഴ്സ്

5) അശ്വതി ഗ്രാനൈറ്റ്സ്, കട്ടച്ചിറ

6) റ്റി.കെ. എന്റർപ്രൈസസ്

7) നാദിയ കാഷ്യൂ കമ്പനി

8) കാട്ടൂർ സൂപ്പർ മാർക്കറ്റ്

9) വി.ആർ. ഹോളോബ്രിക്സ്

10) മോഹൻ ഇൻഡസ്ട്രീസ് കട്ടച്ചിറ

11) ജയ ഫ്യൂവൽസ്

12) എസ്സ്.എൻ. ഫ്യൂവൽസ്

13) നിള എക്സ്പോർട്സ്

14) പൗർണ്ണമി സ്വർണ്ണ വിൽപ്പന.

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 15/24-11-2020 ന് മറുപടി ലഭ്യമാക്കിയില്ല. നിശ്ചിത ലൈസൻസ് ഫീസ് ചുമത്തപ്പെടാതെ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി-അപാകതകൾ

1. <u>മൊബൈൽ ടവറിന് കുറഞ്ഞ മേൽക്കൂരയ്ക്കുള്ള നികുതി ഇളവ് നൽകി</u>

വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ടവർ വിഷൻ ഇന്ത്യ (പ്രൈ) ലിമിറ്റഡ്, ഇൻഡസ് ടവർ ലിമിറ്റഡ് എന്നീ മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ചപ്പോൾ കുറഞ്ഞ മേൽക്കൂരയ്ക്ക് ബാധകമായ ഇളവ് (10%) നൽകിയതുമൂലം നികുതി ഇനത്തിൽ എല്ലാ വർഷവും യഥാക്രമം 750/-രൂപ, 550/- രൂപ എന്നിങ്ങനെ നികുതി നഷ്ടം വരുന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനം. | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി | മേൽക്കൂരയുടെ അടിസ്ഥാനത്തിൽ നൽകിയ ഇളവ്(10%) | നിർണ്ണയിച്ച/ഈടാക്കിയ അടിസ്ഥാന നികുതി (മറ്റ് ഇളവുകളും വർദ്ധനവും ഉൾപ്പെടെ) | ഈടാക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | (ച.മീ.500 രൂപ നിരക്കിൽ) | | | | |
| VIII/ 628 | 15 ച.മീ | 15X500=7500 | 750 | 6750 | 7500 | 750 |
| VIII/607 | 11 ച.മീ | 11X500=5500 | 550 | 4400(കാലപ്പഴക്കത്തിനുള്ള ഇളവ് അനുവദനീയമാണ്) | 4950 | 550 |

ഇപ്രകാരം മൊബൈൽ ടവറിന് മേൽക്കൂരയുടെ അടിസ്ഥാനത്തിലുള്ള ഇളവ് നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/24.11.2020) മേൽക്കൂരയുടെ തരം രേഖപ്പെടുത്തിയപ്പോൾ കടന്നുകൂടിയ പിശകാണെന്നും ആയത് തിരുത്തി കുടിശ്ശിക സഹിതമുള്ള നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. അപാകത പരിഹരിച്ച് കുടിശ്ശിക സഹിതം നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. <u>കെട്ടിടത്തിനെ ഒന്നിച്ച് നികുതി നിർണ്ണയം ചെയ്യാതെ ഓരോ മുറിയും പ്രത്യേകമായി നികുതി നിർണ്ണയം ചെയ്തു</u>

പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടത്തിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കടമുറികളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 30/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, ചതുരശ്ര മീറ്ററിന് 50/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ ഇവിടെ ചതുരശ്ര മീറ്ററിന് 30/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വരുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നം/കെട്ടിടനം | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) |
|---|---|---|
| രാധാകൃഷ്ണക്കുറുപ്പ്.ബി<br>കരീലപ്പള്ളി വീട്<br>ഓലകെട്ടിയമ്പലം | I/ 214A,B,C,D,E,F,G,H | 311.76 |
| വിജയലക്ഷ്മി, കൊട്ടിനാട് | V/133A,B,C,D | 112.72 |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിനു (നം.6/24.11.2020) നൽകിയ മറുപടിയിൽ ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി പുനർ നിർണ്ണയിച്ച് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. <u>മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കുന്നില്ല</u>

ഗ്രാമ പഞ്ചായത്തിലെ ബി.എസ്.എൻ.എൽ. മൊബൈൽ ടവറിന്റെ 2013-14 മുതൽ 2018-19 സാമ്പത്തിക വർഷം വരെയുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം& കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | സാമ്പത്തിക വർഷം | ഒന്നാം അർദ്ധവർഷത്തെ തുക | ലൈബ്രറി സെസ്സ് | രണ്ടാം അർദ്ധവർഷത്തെ തുക | ലൈബ്രറി സെസ്സ് |
|---|---|---|---|---|---|---|
| 21/486 | മാനേജർ, ബി.എസ്.എൻ.എൽ | 2013-14 | 8250 | 413 | 8250 | 412 |
| | | 2014-15 | 8250 | 413 | 8250 | 412 |

| | | | | | | |
|---|---|---|---|---|---|---|
| | ആലപ്പുഴ | 2015-16 | 8250 | 413 | 8250 | 412 |
| | | 2016-17 | 8250 | 413 | 8250 | 412 |
| | | 2017-18 | 8250 | 413 | 8250 | 412 |
| | | 2018-19 | 8250 | 413 | 8250 | 412 |
| | | ആകെ | 49500 | 2478 | 49500 | 2472 |
| ആകെ വസ്തുനികുതി | | | 99000 | | | |
| ആകെ ലൈബ്രറി സെസ് | | | 4950 | | | |

വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.: 16/24.11.2020) മറുപടി ലഭ്യമാക്കിയില്ല. തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ഒടുക്ക വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4. <u>വിവാഹ ചടങ്ങുകൾ നടത്തപ്പെടുന്ന ഹാളുകൾക്ക് അർഹമായ നികുതി നിർണ്ണയിച്ചിട്ടില്ല</u>

വിവാഹ രജിസ്ട്രേഷന് അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്ന പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എസ്.എൻ.ഡിപി ഗുരു മന്ദിരം ശാഖാ യോഗം ഹാൾ, ബ്രാഞ്ച് നം.140, റ്റി.പി.എം ഹാൾ എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നില്ല എന്ന് ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/24.11.2020) ടി സ്ഥാപനങ്ങളിൽ വിവാഹം നടക്കാറില്ലെന്നും റ്റി.പി.എം ഹാൾ ആരാധന ഗണത്തിലുൾപ്പെടുന്നതുമാണെന്നുമാണ് മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ, വിവാഹ രജിസ്ട്രേഷൻ അപേക്ഷ പരിശോധിച്ചതിൽ ടി ഹാളിൽ വെച്ച് വിവാഹം നടക്കുന്നതായി ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ, ടി രണ്ട് സ്ഥാപനങ്ങളുടെയും നികുതി അസെസ് ചെയ്ത് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ലേലം-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ലേല രജിസ്റ്റർ പരിശോധിച്ചതിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് ഗവ. യു.പി.എസ്സിലെ പഴയ സ്കൂൾ കെട്ടിടം പൊളിച്ച് മാറ്റുന്നതിനായി ശ്രീ. രവി, തോട്ടിന്റെ വടക്കേതിൽ, ചിറക്കടവ് എന്നയാൾക്ക് 28/11/2018 ൽ 165300/- രൂപയ്ക്ക് ലേലം ചെയ്ത് നല്കിയതായി കാണുന്നു. എന്നാൽ 17/01/2019 ലെ പഞ്ചായത്തിന്റെ 21-ാം നമ്പർ തീരുമാന പ്രകാരം പുനർ ലേലം നടത്തുവാൻ തീരുമാനിച്ചതായും രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നു. എന്തുകൊണ്ടാണ് ഇത്തരത്തിൽ പുനർലേലം നടത്തുവാൻ ഭരണസമിതി തീരുമാനം എടുത്തതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പിന്നീട് ലേലം നടന്നതായോ, മറ്റു വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ ലഭ്യമല്ല. ലേലം നടന്നതിന്റെ ഫയലുകൾ ഹാജരാക്കിയില്ല. ലേലം നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, എത്ര രൂപയ്ക്ക്, എപ്പോൾ, ആരാണ് ലേലം കൊണ്ടതെന്ന വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 17-ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. ലേലത്തിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 പഠനമുറി നിർമ്മാണം-പ്രോജക്ട് ലക്ഷ്യം പൂർണ്ണമായും കൈവരിച്ചില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിന് (പ്രോ. നം.38/19) 2018-19 വർഷം എസ്.സി.പി. വികസനഫണ്ടിൽ നിന്ന് 41,64,000/- രൂപ വകയിരുത്തി 32,50,000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കളുടെ നിർദ്ദിഷ്ട പഠനമുറിയുടെ വിസ്തീർണ്ണം തെളിയിക്കുന്ന രേഖകൾ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. അസി.എഞ്ചിനീയർ നൽകുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ മതിപ്പ് വിലമാത്രമാണ് രേഖപ്പെടുത്തുന്നത്.
2. മേൽ പ്രോജക്ട് പ്രകാരം 21 ഗുണഭോക്താക്കൾ പഠനമുറി നിർമ്മിക്കുന്നതിനായി ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിലും 12 ഗുണഭോക്താക്കൾ മാത്രമാണ് പഠനമുറി പൂർത്തീകരിച്ച് മുഴുവൻ തുകയും

കൈപ്പറ്റിയിട്ടുള്ളത്. മറ്റ് ഗുണഭോക്താക്കൾ താഴെ പറയും പ്രകാരം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിലും പഠനമുറി പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | കൈപ്പറ്റിയ തുക | ബിൽ നം. |
|---|---|---|---|
| 1 | സിന്ധു ജെ, നീതുഭവനം | 50000 | 13/18-19/ 22.11.18 |
| | | 50000 | 25/18-19/ 22.01.19 |
| 2 | ശോഭ കെ,കുരിതറയിൽ | 50000 | 13/18-19/ 22.11.18 |
| | | 50000 | 25/18-19/ 22.01.19 |
| 3 | ഗോപാലകൃഷ്ണൻ, മങ്ങാട്ട് അഖിൽ ഭവനം | 50000 | 16/18-19/ 19.12.18 |
| 4 | സജീവ് കെ, ഉത്രാടം | 50000 | 16/18-19/ 19.12.18 |
| | | 50000 | 31/18-19/ 16.02.19 |
| 5 | ജയന്തി, ജയഭവനം | 50000 | 20/18-19/ 29.12.18 |
| | | 50000 | 27/18-19/ 05.02.19 |
| 6 | സതീഷ്കുമാർ, മിനിഭവനം | 50000 | 20/18-19/ 29.12.18 |
| | | 50000 | 25/18-19/ 22.01.19 |
| 7 | അനിത, ഗോകുൽ നിവാസ് | 50000 | 23/18-19/11.01.19 |
| | | 50000 | 33/18-19/ 25.02.19 |
| 8 | സുധ റ്റി, മൂലയിൽ ചിറയിൽ | 50000 | 24/18-19/ 22.01.19 |
| | | 50000 | 34/18-19/ 28.02.19 |
| 9 | വേണു വി, മംഗലശ്ശേരിൽ | 50000 | 30/18-19/ 16.02.19 |
| | | 50000 | 43/18-19/ 09.03.19 |

പഠനമുറിയ്ക്ക് അനുവദിച്ച തുക ദുരുപയോഗപ്പെടുത്തുകയില്ലെന്നും പഠനമുറി നിശ്ചിത കാലയളവിനുള്ളിൽ പൂർത്തീകരിക്കുമെന്നുമുള്ള വ്യവസ്ഥയുൾപ്പെടുത്തി ഗ്രാമപഞ്ചായത്തുമായി ടിയാളുകൾ കരാറിലേർപ്പെട്ടിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

ഗുണഭോക്താക്കൾ യഥാസമയം പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുകയെന്ന പ്രോജക്ട് ലക്ഷ്യം തൻവർഷം കൈവരിക്കാനായില്ല. പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്തവർ എത്രയും വേഗം ആയത് പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

### 1-18 ഭവന പുനരുദ്ധാരണം - രേഖകൾ കൃത്യമല്ല-

2018-19 വർഷം എസ്.സി.പി. വികസനഫണ്ടിൽ നിന്നും 21,00,000/- രൂപ വകയിരുത്തി 18,50,000/- രൂപ ചെലവഴിച്ച "ഭവന പുനരുദ്ധാരണം" എന്ന പ്രോജക്ടിന്റെ പരിശോധനാ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. - 55/19

ചെലവ്: 18,,50,000/-

1)ബിൽ നം:09/18-19/30.10.18- 4,00,000/-

2)ബിൽ നം:14/18-19/26.11.18- 2,50,000/-

3)ബിൽ നം:16/18-19/11.12.18- 1,50,000/-

4)ബിൽ നം:19/18-19/29.12.18- 2,50,000/-

5)ബിൽ നം:22/18-19/11.01.19- 1,00,000/-

6)ബിൽ നം:23/18-19/05.02.19- 1,00,000/-

7)ബിൽ നം:24/18-19/03.03.19- 1,50,000/-

8)ബിൽ നം:25/18-19/08.03.19- 50,000/-

9)ബിൽ നം:28/18-19/14.03.19- 1,00,000/-

10)ബിൽ നം:29/18-19/23.03.19- 1,00,000/-

11)ബിൽ നം:30/18-19/23.03.19- 1,00,000/-

12)ബിൽ നം:31/18-19/23.03.19- 1,00,000/-

ചെലവ് രേഖകൾ പരിശോധിച്ചതിൽ, താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകളിൽ അപാകതകൾ കാണുന്നു.

| ഗുണഭോക്താക്കളുടെ പേര്, മേൽ വിലാസം | അപാകത |
|---|---|
| ശ്രീമതി. ഉഷ,<br>ഇടയിലെ തറയിൽ | സഞ്ചയ സോഫ്റ്റ്വെയറിലെ നിർണ്ണയ വിവരങ്ങൾ/സെക്രട്ടറി ഇഷ്യൂ ചെയ്ത സർട്ടിഫിക്കറ്റ് (കെട്ടിട നം. IV/81A) പ്രകാരം 2017-18 രണ്ടാം അർദ്ധ വർഷമാണ് അസസ് ചെയ്തിട്ടുള്ളത്. കാലപ്പഴക്കം 8 വർഷം അധികരിക്കുന്നില്ല. |
| ശ്രീമതി. ചന്ദ്രിക,<br>ചൂനാട്ട് വടക്കതിൽ | സഞ്ചയ സോഫ്റ്റ് വെയറിലെ നിർണ്ണയ വിവരങ്ങൾ/സെക്രട്ടറി ഇഷ്യൂ ചെയ്ത സർട്ടിഫിക്കറ്റ് (കെട്ടിട നം. XVII/91A ) പ്രകാരം 2016-17 ഒന്നാം അർദ്ധ വർഷമാണ് അസസ് ചെയ്തിട്ടുള്ളത്. കാലപ്പഴക്കം 8വർഷം അധികരിക്കുന്നില്ല. |
| ശ്രീമതി.അനിതഗോപാലകൃഷ്ണൻ,<br>ഗോകുൽ നിവാസ്, പള്ളിക്കൽ | സഞ്ചയ സോഫ്റ്റ്വെയറിലെ നിർണ്ണയ വിവരങ്ങൾ/സെക്രട്ടറി ഇഷ്യൂ ചെയ്ത സർട്ടിഫിക്കറ്റ് (കെട്ടിട നം. I/51A) പ്രകാരം 2015-16 ഒന്നാം അർദ്ധ വർഷമാണ് അസസ് ചെയ്തിട്ടുള്ളത്. കാലപ്പഴക്കം 8 വർഷം അധികരിക്കുന്നില്ല. |

അപാകതകളിന്മേൽ രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/25.11.2020) ടി ആളുകൾക്ക് ആനുകൂല്യം നല്കിയത് പഞ്ചായത്തിൽ നിന്നുള്ള

കാലപ്പഴക്കം തെളിയിക്കുന്ന രേഖയുടെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ ഐ.എ.വൈ പദ്ധതി പ്രകാരം വീട് അനുവദിച്ച തീയതി, പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ കാലപ്പഴക്കം ഉറപ്പാക്കിയ ശേഷമാണ് ആനുകൂല്യം നല്കിയത് എന്നുമാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നല്കിയിട്ടുള്ളത്.

ആയതിനാൽ, സെക്രട്ടറി നല്കുന്ന കാലപ്പഴക്കത്തിന്റെ സാക്ഷ്യപ്പത്രം കൂടി പരിശോധിച്ച് കാലപ്പഴക്കം ഉറപ്പാക്കേണ്ടതാണ്.

### 1-19 വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രോജക്ടുകളിൽ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

1. <u>പ്രോജക്ട് നം.107/19(ക്രിമറ്റോറിയം നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം)</u>

അടങ്കൽ: 2 ലക്ഷം(വി.ഫ.-സാധാ )

ചെലവ്: 2 ലക്ഷം (ബിൽ നം. 24/18-19/ 19.01.19)

ക്രിമറ്റോറിയം നിർമ്മാണത്തിന് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന് ഗ്രാമപഞ്ചായത്ത് വിഹിതം എന്ന പേരിൽ A/c No. 799011400000888 ലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ ചെയ്തതായുള്ള പത്രിക മാത്രമാണുള്ളത്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

2. <u>പ്രോജക്ട് നം.158/19(പി.എം.എ.വൈ വിഹിതം)</u>

അടങ്കൽ: 20,000(വി.ഫ. -സാധാ)

ചെലവ്: 20,000 (ബിൽ നം. 04/18-19/23.05.18)

തുക ഭരണിക്കാവ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് (എസ്.ബി.ഐ. A/c No. 67319046357) ഓൺലൈൻ ട്രാൻസ്ഫർ ചെയ്തതായുള്ള പത്രിക മാത്രമാണുള്ളത്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

3. <u>പ്രോജക്ട് നം.159/19(പി.എം.എ.വൈ ബ്ലോക്ക് പഞ്ചായത്തിനധിക വിഹിതം)</u>

അടങ്കൽ: 30,000(വികസന ഫണ്ട് -സാധാ)

ചെലവ്: 30,000(ബിൽ നം. 03/18-19/ 23.05.18)

തുക ഭരണിക്കാവ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് (എസ്.ബി.ഐ. A/c No. 67319046357) ലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ ചെയ്തതായുള്ള പത്രിക മാത്രമാണുള്ളത്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

4. <u>പ്രോജക്ട് നം.05/19(ഇൻഫർമേഷൻ കേരളമിഷന് വിഹിതം നൽകൽ)</u>

അടങ്കൽ: 1,00,000 വികസന ഫണ്ട് (സാധാരണ വിഹിതം)

ചെലവ്: 1,00,000 (ബിൽ നം. 15/18-19/26.07.18)

തുക ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് (എസ്.ബി.ഐ. A/c No. 57047023512) ലേയ്ക്ക് ഓൺലൈൻ ട്രാൻസ്ഫർ ചെയ്തതായുള്ള പത്രിക മാത്രമാണുള്ളത്. തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല.

അപാകതകളിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.24/27-11-2020) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ രേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടുകൾ മുഖാന്തിരം ചെലവഴിച്ച തുകയായ

3,50,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകതകൾ

പ്രോജക്ട് നം. - SO188/19 – എൻജിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ-

അടങ്കൽ - 50000/-(വികസന ഫണ്ട്-ജനറൽ)

കരാറുകാരൻ - സുനിൽകുമാർ, കോമളത്ത്, കട്ടച്ചിറ.

ചെലവഴിച്ച തുക -27500/- ബിൽ നം.21/18-19 dt.28-02-19

എഗ്രിമെന്റ് നം.33/AE/LSGD/BGP/31-01-19

2018-19 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എൻജിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ എന്ന പ്രോജക്ട് പ്രകാരം ശ്രീമതി.പ്രീതി സുനിൽകുമാർ എന്നയാളുടെ പേരിലുള്ള അക്കൗണ്ടിലേക്ക് വാഹനം ഓടിയതിന്റെ വാടക ഇനത്തിൽ മേൽ രേഖപ്പെടുത്തിയ പ്രകാരം തുക നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം, പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗം വാടകയ്ക്ക് എടുത്തിട്ടുള്ള KL-04-Q-5700 എന്ന നമ്പരിൽ ഉള്ള വാഹനത്തിന്റെ ഉടമ ശ്രീമതി.പ്രീതി സുനിൽകുമാർ എന്ന വ്യക്തിയാണ്. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച് പഞ്ചായത്തുമായി കരാർ വെച്ചിട്ടുള്ളത് ശ്രീ.സുനിൽകുമാർ, കോമളത്ത് എന്നയാളാണ്. വാടകയ്ക്ക് എടുത്ത വാഹനം ക്വട്ടേഷൻ സമർപ്പിച്ച് പഞ്ചായത്തുമായി കരാർ വെച്ച വ്യക്തിയുടേതല്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

2. കേരള മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം ഈ വാഹനം NON-TRANSPORT വിഭാഗത്തിൽപ്പെടുന്ന വാഹനമാണ്. NON-TRANSPORT വിഭാഗത്തിൽപ്പെടുന്ന വാഹനം സ്വകാര്യ ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ എന്നിരിക്കെ, ആയത് പബ്ലിക് വാഹനമായി വാടകയ്ക്ക് കരാറുകാരൻ നൽകിയത് ക്രമവിരുദ്ധമാണ്. ഇത്തരം നടപടികൾ മൂലം നികുതി ഇനത്തിൽ വൻ വരുമാന നഷ്ടമാണ് സർക്കാരിന് ഉണ്ടാകുന്നത്.

3. ഫ്യൂവൽ അക്കൗണ്ട് രജിസ്റ്ററിന്റെ പേജുകൾ ചേർത്തുവെച്ച് ലോഗ് ബുക്ക് മാതൃകയിൽ ഉണ്ടാക്കിയ രജിസ്റ്ററിൽ യാത്ര ആരംഭിച്ച 01-02-2019 മുതൽ യാത്ര അവസാനിച്ച 30-03-2019 വരെയുള്ള യാത്രകളിൽ സഞ്ചരിച്ച ദൂരം, ആരംഭ മീറ്റർ റീഡിംഗ്, അവസാനിക്കുന്ന മീറ്റർ റീഡിംഗ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. എവിടെയൊക്കെയാണ് യാത്ര ചെയ്തതെന്ന വിവരവും രേഖപ്പെടുത്തിയിട്ടില്ല.

4. 30-03-2019 ൽ ആകെ സഞ്ചരിച്ച ദൂരം 1371 km. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആരംഭ മീറ്റർ റീഡിംഗ് (285048), അവസാനിക്കുന്ന മീറ്റർ റീഡിംഗ്(287642) എന്നിവയുടെ വ്യത്യാസം അനുസരിച്ച് ആകെ സഞ്ചരിച്ച ദൂരം 2594 km ആണ്. കരാർ പ്രകാരം ആദ്യത്തെ 1200 km.ന് 27500/-രൂപയും തുടർന്നുള്ള ഓരോ കിലോമീറ്ററിനും 8/- രൂപ നിരക്കിലുമാണ് തുക നൽകേണ്ടത്. ബാക്കിയുള്ള 1394 km-ന് 13/- രൂപ നിരക്കിൽ കരാറുകാരന് ലഭിക്കേണ്ടത് 18122/- രൂപയാണ്. ഇത്രയും തുക കരാറുകാരൻ വാങ്ങിയിട്ടില്ലായെന്നതിൽ നിന്നു തന്നെ ഈ പദ്ധതി നിർവ്വഹണം സുതാര്യമല്ലായെന്ന് വ്യക്തമാണ്.

5. പഞ്ചായത്തുമായി കരാർ വെച്ച കരാറുകാരൻ സുനിൽകുമാർ, കോമളത്ത് എന്നയാളാണ് എന്നിരിക്കെ ശ്രീമതി.പ്രീതി സുനിൽകുമാർ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ സാംഗത്യവും വ്യക്തമല്ല. സുനിൽകുമാർ, കോമളത്ത് എന്ന വ്യക്തിയുടെ വാഹനം എൻജിനീയറിംഗ് വിഭാഗം വാടകയ്ക്ക് എടുത്തുവെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.

കരാറുകാരന്റേതല്ലാത്ത, സ്വകാര്യ ആവശ്യത്തിന് മാത്രം ഉപയോഗിക്കാൻ അനുമതിയുള്ള വാഹനം ഔദ്യോഗിക ആവശ്യത്തിന് വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുകയും, ആവശ്യമായ രേഖകൾ സൂക്ഷിക്കാതെയും നടപടി ക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിക്കുകയും ചെയ്തത് ക്രമവിരുദ്ധമാണ്. മേൽ അപാകതകൾക്ക് വിശദീകരണം

ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20/26-11-2020) ലഭ്യമാക്കിയ മറുപടിയിൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് തുക നൽകിയതെന്നും, പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും വരുത്തിയിട്ടില്ലായെന്നും എന്നമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എൻക്വയറിയിൽ രേഖപ്പെടുത്തിയ അപാകതകൾക്ക് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ വെളിച്ചത്തിലും, നിർവ്വഹണത്തിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് കൃത്യമായി മറുപടി ലഭ്യമാക്കാത്തതിനാലും, ചെലവഴിച്ച 27500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-21 നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്തവരിൽ നിന്നും പിഴ ഈടാക്കാത്തത്

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പുത്തൻവീട്ടിൽ ജംഗ്ഷൻ - പുത്തൻകുഴി മുക്ക് റോഡ്റീ-ടാറിംഗ്-(പ്രോജക്ട് നം. എസ്സ്.ഒ-098/18.) എന്ന മരാമത്ത് പ്രവർത്തിയുടെ രേഖകൾ പരിശോധിച്ചതിൽ, കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കുള്ളിൽ കരാർ ചമച്ചിട്ടില്ലായെന്ന് കണ്ടു. 2012 ലെ കേരള പിഡബ്ല്യ.ഡി മാനവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമക്കേണ്ടതാണ്. അതിനുശേഷം 10 ദിവസം വരെ 1% പിഴയോടുകൂടിയും മാത്രമേ കരാർ ചമയ്ക്കാവൂ. ഇപ്രകാരം ഫൈൻ ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരങ്ങൾ | സെലക്ഷൻ നോട്ടീസിലെ രേഖപ്പെടുത്തലുകൾ പ്രകാരം കരാർ വെയ്ക്കേണ്ട തീയതി. (കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിരിക്കുന്നതിൽ കരാറുകാരൻ തീയതി രേഖപ്പെടുത്തിയിട്ടില്ല.) | കരാർ വെച്ച തീയതി | ഈടാക്കേണ്ട പിഴ 1% നിരക്കിൽ | ഈടാക്കിയത് | ബാക്കി ഈടാക്കാനുള്ളത് |
|---|---|---|---|---|---|
| അടങ്കൽ-250000/- ആകെ മൂല്യം-243009/- കരാറുകാരൻ- മുഹമ്മദ് താഹ, പതിയാരത്ത്. കരാർ തുക – 249714/- കരാർനം./ തീയതി-25/17-18,dt.09-01-2018. MB.No.32/B/2018-19. ബിൽ നം, തീയതി, തുക- 16/18-19, 23/01/2019, 243010/- | 02-01-2018/ | 09-01-2018 | 2497/- | 0 | 2497/-- |
| ആകെ | | | | | 2497/- |

നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതിരുന്നതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/27-11-2020) തുക ഈടാക്കി അടയ്ക്കുന്നതാണെന്ന് മറുപടി നൽകി. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 സ്പോർട്സ് കിറ്റ് വിതരണം -മാർഗ്ഗരേഖ പ്രകാരമുള്ള തുകയേക്കാളും അധികം നല്കി

പ്രോജക്ട് നം.-161/19 (എസ്0087/18) (സ്പിൽ ഓവർ പ്രോജക്ട്)

അടങ്കൽ തുക-102000

ചെലവ് തുക- 101000 (ബിൽ നം.- 1/18-19, 23.05.2018)

2017-18 സാമ്പത്തിക വർഷം എച്ച്.എം നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതിയാണ് ക്ലബ്ബുക്കൾക്ക് സ്പോർട്സ് കിറ്റ് വിതരണം. സ.ഉ(എം.എസ്)നം.80/2017, 03.04.2017 പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന പ്രോജക്ട് പ്രകാരം ഒരു സംഘടനയ്ക്ക് 2000/- രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നല്കാനാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ, ഇവിടെ 10 ക്ലബ്ബുകൾക്ക് 10100/- രൂപ വീതം വിലയുള്ള സാധനങ്ങൾ വീതമാണ് വിതരണം ചെയ്തിട്ടുള്ളത്. ആയതിനാൽ, മാർഗ്ഗരേഖയിൽ അനുവദിച്ചിരിക്കുന്നതിലും അധികം ചെലവഴിച്ച തുകയായ 81000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക 2017-18 സാമ്പത്തിക വർഷം ഈ പദ്ധതി നിർവ്വഹണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.രഘുനാഥക്കുറുപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1. ആനുകൂല്യം കൈപ്പറ്റിയ 10 ക്ലബ്ബുകളുടെ അപേക്ഷ പരിശോധിച്ചതിൽ, 4 ക്ലബ്ബുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. (പൂക്കാലം ആർട്ട്സ് & സ്പോർട്സ് ക്ലബ്, ദേശാഭിമാനി ആർട്ട്സ് & സ്പോർട്സ് ക്ലബ്, അഗ്ര ആർട്ട്സ് & സ്പോർട്സ് ക്ലബ്, യങ് മെൻസ് അസോസിയേഷൻ)
2. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ പ്രകാരം, എല്ലാ സ്ഥാപനങ്ങളും 2008 മുതൽ 2016 വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ളവയാണ്. ആയതിനാൽ, നിലവിൽ ടി ക്ലബ്ബുകൾക്ക് രജിസ്ട്രേഷൻ ഉള്ളവയാണ് എന്നത് ഓഡിറ്റിൽ വ്യക്തമല്ല.
3. കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ, 10 ക്ലബ്ബുകൾ സാധനങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. അതിൽ 2 ക്ലബ്ബുകൾ സീൽ വെയ്ക്കാതെയാണ് സാധനങ്ങൾ കൈപ്പറ്റിയിട്ടുള്ളത് എന്നതിനാൽ ഏത് സ്ഥാപനമാണ് കൈപ്പറ്റിയത് എന്ന് വ്യക്തമല്ല.
4. 15.03.2018, 27.03.2018 എന്നീ തീയതികളിൽ സാധനം വാങ്ങുന്നതിനായുള്ള ക്വട്ടേഷൻ ക്ഷണിച്ച് പത്ര പരസ്യം നല്കിയിട്ടുണ്ട്. എന്നാൽ സാധനം വാങ്ങിയ സ്ഥാപനത്തിന്റെ ക്വട്ടേഷൻ രേഖകൾ മാത്രമാണ് ഫയലിലുള്ളത്.
5. പർച്ചേസ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ, ടി വാങ്ങൽ നടപടികൾ പർച്ചേസ് കമ്മറ്റി അംഗീകരിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 9/24.11.2020) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അമിതമായി ചെലവഴിച്ച 81000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 1-23 മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-കുറഞ്ഞ നിരക്ക് പരിഗണിക്കാതിരുന്നതിനാൽ അധികചെലവ്

സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ പ്രപ്പോസൽ പരിഗണിക്കാതെ മരുന്ന് വാങ്ങിയത് മൂലം അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ പരിശോധനാ വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം. :47/19

അടങ്കൽ: 3,00,000(വി.ഫ)

ചെലവ്:3,00,000(ബിൽ നം.07/18-19/25.03.19)

13.11.2018-ൽ ടെണ്ടർ ക്ഷണിച്ചതിൽ R&D സർട്ടിഫിക്കേഷൻ ഉള്ള 3 അംഗീകൃത സ്ഥാപനങ്ങളുടെ ഓഫർ ലഭിക്കുകയും മരുന്നുകളുടെ വിലവിവരം താരതമ്യം ചെയ്ത് മൂന്ന സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങിയതായും കാണുന്നു. Emdees Wholesale Pharmeceutical Distributors എന്ന സ്ഥാപനത്തിൽ നിന്ന് 123159/- രൂപയും Shifa Pharma എന്ന സ്ഥാപനത്തിൽ നിന്ന് 170453/- രൂപയും Leean Enterprises(VET)എന്ന സ്ഥാപനത്തിൽ നിന്ന് 6388/- രൂപയും സബ് വൗച്ചറുകൾക്കനുസൃതമായി മരുന്നുകൾ വാങ്ങിയിട്ടുണ്ട്. മരുന്നുകൾ ടി മൂന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് കുറഞ്ഞ നിരക്ക്, R&D certification എന്നീ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ താഴെ കൊടുത്തിട്ടുള്ള മരുന്നുകൾ കുറഞ്ഞ നിരക്ക് പരിഗണിക്കാതെ വാങ്ങിയത് മൂലം അധികചെലവുണ്ടായിട്ടുണ്ട്.

| ക്രമനം | ഇനം | വാങ്ങിയ നിരക്ക്/ സ്ഥാപനം | എണ്ണം | നൽകിയ തുക | കുറഞ്ഞനിരക്ക്/ സ്ഥാപനം | കുറഞ്ഞനിരക്ക് പരിഗണിക്കാതിരു-ന്നതിനാൽ വന്ന അധിക ചെലവ് |
|---|---|---|---|---|---|---|
| 1. | Inj. Enrofloxacin 100ml | Rs.93 Shifa Pharma | 100 | 9300 | Rs. 73.90 Emdees | 1910/- (9300-7390) |
| 2. | Inj.Amoxicilln+ Cloxacillin 4.5gm | Rs. 98.65 Shifa Pharma | 100 | 9865 | Rs.68.47 Leean | 3018 (9865-6847) |
| 3. | Inj. Ceftiofur Sodium 1gm | Rs. 215 Emdees | 100 | 21500 | Rs.189.24 Leean | 2576/- (21500-18924) |
| 4. | Inj. Flunixine Meglumine 20ml | Rs. 122 Shifa Pharma | 100 | 12200 | Rs. 57.74 Leean | 6426/- (12200-5774) |
| 5. | Tetracycline Boluses | Rs. 10.93 Leean | 500 | 5465 | Rs.9.75 Shifa | 590/- (5465-4875) |
| | | | | | ആകെ | 14520 |

ടി വിഷയത്തിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 23/27.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 13.11.2018-ൽ അംഗീകൃത ഏജൻസികളിൽ നിന്നും നിലവിൽ 5 വർഷമായി മാർക്കറ്റിൽ മരുന്ന് സപ്ലൈ ചെയ്യുന്നവരും ക്വാളിറ്റിയുടെ ബഞ്ച്മാർക്കായ R&D സർട്ടിഫിക്കേഷൻ ഉള്ളവരുമായ മരുന്ന കമ്പനികളിൽ നിന്നും 34 ഇനം മരുന്നുകളുടെ അളവും ജനറിക് പേരുകളും സഹിതം ദർഘാസ് ക്ഷണിച്ചതിൽ ടി മാനദണ്ഡങ്ങൾ പാലിച്ച Emdees Wholesale Pharmeceutical Distributors, Shifa Pharma, Leean Enterprises(VET) എന്നീ മൂന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും കുറഞ്ഞ നിരക്ക് അടിസ്ഥാനമാക്കിയാണ് പട്ടികയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മരുന്നുകൾ ടി സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുള്ളത്. അപാകതയുടെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് പരിഗണിക്കാതെ നടത്തിയ വാങ്ങൽ മൂലമുള്ള അധിക ചെലവ് 14520/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

### 1-24 പഞ്ചായത്ത് ഓഫീസിൽ സി.സി. ടി.വി. ക്യാമറ സ്ഥാപിക്കൽ- കൂടിയ നിരക്ക് അംഗീകരിച്ചത് മൂലം അധിക ചെലവ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്റ്റാണ് പഞ്ചായത്ത് ഓഫീസിൽ സി.സി. ടിവി ക്യാമറ സ്ഥാപിക്കൽ. (പ്രോ.നം.162/19). ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ഒരു ലക്ഷം രൂപ വകയിരുത്തി 86,000/- രൂപ ട്രഷറി ബിൽ നം. 02/18-19/23.05.18 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സി.സി.ടിവി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 21.10.2017-ൽ ടെണ്ടർ ക്ഷണിച്ചതിൽ 6 വ്യക്തികൾ/ സ്ഥാപനങ്ങളുടെ ഓഫർ ലഭിക്കുകയുണ്ടായി. ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളായിരുന്നു.

1) Absolute Inc – Rs. 55132+ Rs.65/m for cable & cabling charges.

2) Clickon IT Associates- Rs. 65770+ Rs.61/m for cable & cabling charges.

എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ പരിഗണിക്കാതെ Clickon IT Associates എന്ന സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകി വർക്ക് ഓർഡർ നൽകുകയാണുണ്ടായത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ഓഫർ നിരസിച്ചതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

2. 30.11.2017-ലെ 1(2)-ാം നമ്പർ തീരുമാന പ്രകാരം പദ്ധതിക്കായി പർച്ചേസ് കമ്മിറ്റിയുടേയും ടെക്നിക്കൽ എക്സ്പേർട്ടിന്റേയും അഭിപ്രായമാരാഞ്ഞതിന്റേയും പ്രസിഡന്റ് നേരിട്ട് നടത്തിയ നെഗോസിയേഷന്റേയും പർച്ചേസ് കമ്മിറ്റി ശുപാർശയുടേയും അടിസ്ഥാനത്തിൽ ആകെ 86000/- രൂപയ്ക്ക് സി.സി.ടിവി സ്ഥാപിച്ച് നൽകുന്നതിന് തയാറായ Clickon IT Associates, അടൂർ എന്ന സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സി.സി ടിവി സ്ഥാപിക്കലുമായി ബന്ധപ്പെട്ട് രൂപീകരിച്ച പർച്ചേസ് കമ്മിറ്റിയുടെ അംഗങ്ങളുടെ പേര് വിവരം, മിനിറ്റ്സ്, ശുപാർശ എന്നിവ ലഭ്യമല്ല.

3. Clickon IT Associates ന്റെ 30.01.2018-ലെ 61-ാം നമ്പർ ക്യാഷ് ബിൽ പ്രകാരം (86,000/- രൂപയുടേത്) ക്രമ നം. 9 ആയി cable 180mtr ന് 3419/-രൂപയും, ക്രമനം.13 ആയി Employment wages & Other Expense ഇനത്തിൽ 17695/- രൂപയും ഉൾപ്പെടെ ആകെ 21114/- രൂപ cable & cabling charges ഇനത്തിൽ ചെലവായതായി ബില്ലിൽ നിന്നും വ്യക്തമാകുന്നു.

ബിൽ പ്രകാരം സിസി.ടിവി സ്ഥാപിക്കുന്നതിന് ഉപയോഗിച്ച കേബിൾ 180 മീറ്റർ ആയിരിക്കെ സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിൽ കൊടുത്തിട്ടുള്ള Rs. 61/mtr എന്ന നിരക്ക് പാലിച്ചതായി കാണുന്നില്ല. ടെണ്ടർ ഷെഡ്യൂളിൽ പ്രസ്താവിച്ച നിരക്ക് പ്രകാരം (180x61) 10980/- രൂപക്ക് മാത്രമാണ് സ്ഥാപനത്തിന് അർഹത.

മേൽ അപാകതകളിന്മേൽ രേഖകൾ സഹിതം അടിയന്തരമായി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 22/27.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Absolute Inc എന്ന സ്ഥാപനത്തിന്റെ നിരക്കിൽ സി.സി. ടിവി സ്ഥാപിക്കലുമായി വരുമായിരുന്ന ചെലവ് താഴെപറയും പ്രകാരം കണക്കാക്കാവുന്നതാണ്.

Rs. 55132+ Rs.65 x180 = 66832/- രൂപ.

ആയതിനാൽ കുറഞ്ഞനിരക്ക് നിരക്ക് പരിഗണിക്കാതെ കൂടിയ നിരക്കിൽ വർക്ക് ഓർഡർ നൽകിയതു മൂലമുണ്ടായ അധിക ചെലവ് 19168/-രൂപ (86000-66832) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

### 1-25 ഫെസ്റ്റിവൽ അഡ്വാൻസ് പൂർണ്ണമായും ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് അനുവദിച്ച ഫെസ്റ്റിവൽ അഡ്വാൻസിൽ 9,400/- രൂപ 2019 മാർച്ച് 31 ന് തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അഡ്വാൻസിന്റെ വിശദാംശങ്ങളും തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.13/25.11.2020) നൽകിയെങ്കിലും വിശദാംശങ്ങളോ മറുപടിയോ ലഭ്യമാക്കിയില്ല. ഈ അഡ്വാൻസ് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### 1-26 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഐ.റ്റി. ഉപകരണങ്ങൾ വാങ്ങി-അധിക തുക നൽകിയത് നിരാകരിക്കുന്നു

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റും കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി. ഉപകരണങ്ങൾ കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ (cprcs.kerala.gov.in) മുഖേന വാങ്ങേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും (01.02.2018-ലെ സ.ഉ.(സാധാ)നം. 25/2018/ITD) ഇതിനായി സ്റ്റോർ പർച്ചേസ് മാനുവലിൽ 7.52 ആയി ഖണ്ഡിക കൂട്ടിച്ചേർക്കുകയും ഐ.ടി. വകുപ്പ് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരിക്കേ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിച്ച് സ്വകാര്യ സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറും പ്രിന്ററുകളും താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങിയതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) പ്രോ. നം. 08/19 (പഞ്ചായത്ത് ഓഫീസ് ഉപയോഗത്തിന് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ)

അടങ്കൽ : 1,00,000/- (തനതു ഫണ്ട്)

ചെലവ് : 99400/- (ചെക്ക് നം. 07595548/13.03.19)

ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ (Acer i3 veriton- Rs. 35000/- per unit without Operating System/OS details not mentioned) 2 പ്രിന്ററുകൾ (Printer Brother 2520D Rs.11500/-, Printer Cannon MF4820D- Rs.17900/-) എന്നിവ വാങ്ങിയിട്ടുണ്ട്.

2) പ്രോ. നം. 09/19 (വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളുടെ ഓഫീസ് ഉപയോഗത്തിന് കമ്പ്യൂട്ടർ, പ്രിന്റർ)

അടങ്കൽ : 1,00,000/-(തനത് ഫണ്ട്)

ചെലവ് : 93000/- (ചെക്ക് നം. 2886494/16.01.19)

ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ (Acer i3 veriton- Rs. 35000/- per unit without Operating System/OS details not mentioned) 2 പ്രിന്ററുകൾ (Printer Brother 2520D Rs.11500/- per Unit) എന്നിവ വാങ്ങിയിട്ടുണ്ട്.

സി.പി.ആർ.സി.എസ്. പ്രസിദ്ധീകരിച്ച ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിലവിവര പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറിന്റെ യഥാർത്ഥ വില ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഇനം | വില വിവരം |
|---|---|---|
| 1 | Desktop Computer<br>Brand -Acer Corei3, 4GB RAM<br>1TB -HDD<br>19.5" LED Display<br>3 yr Warranty | 30,527(Ubuntu)<br>32,875 (Windows 10) |

http://cprcs.kerala.gov.in പ്രകാരം A4 monochrome പ്രിന്ററുകളുടെ വിലവിവരം താഴെ പറയും പ്രകാരമാണ്.

Laser Printer -10090/-;

Multifunction Printer- 14726/-

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഇപ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.18/25.11.2020)ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിരുന്നാലും സമയബന്ധിതമായി ആവശ്യാനുസരണം ഉപകരണങ്ങൾ ലഭ്യമാകാത്ത അവസ്ഥയാണുള്ളതെന്നും വകുപ്പ് മുഖാന്തിരം ഐ.റ്റി. വകുപ്പിന് ടി വിഷയം സംബന്ധിച്ച് നിരവധി പ്രാവശ്യം അറിയിപ്പ്

നൽകിയിട്ടുള്ളതാണെന്നും ഗ്രാമപഞ്ചായത്തിന്റെ സേവനങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പാലിച്ച് ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നുമാണ് മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്. എന്നാൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ 09.01.2018-ൽ പ്രസിദ്ധീകരിച്ച അറിയിപ്പ് താഴെ പറയുംപ്രകാരമാണ്.

***"It is mandatory that all Government Departments/PSUs shall purchase commonly used hardware items such as Desktops/ Laptops/ Printers/ Scanners only through this centralised procurement portal. All the procurement will be based on the Technical Specifications prepared and approved by KSITM Technical Committee and if any user intends to procure IT items with specifications other than what is given in this portal, it will be considered as an exceptional case. All such cases will be approved only after detailed scrutiny by authorised committee.***

***It is required to create an account exclusively for your department to carry out the above-mentioned procurement.As per the Government Order, G.O (MS) No. 24/2017/ITD Dated 18/11/2017, Sanction has been received to initiate an end to end e-Marketplace, "IT @ Your Finger Tips" for all Departments/PSUs under Government of Kerala.***

***http://cprcs.kerala.gov.in ".***

സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകത മുൻനിർത്തി വളരെ പ്രാധാന്യം നൽകിക്കൊണ്ട് സർക്കാർ നടപ്പാക്കിയ ടി സംവിധാനത്തിലൂടെയല്ലാതെ ഐ.റ്റി.ഉപകരണങ്ങൾ വാങ്ങാൻ പാട്ടുള്ളതല്ല എന്ന കർശന നിർദ്ദേശം 18.11.2017-ലെ സ.ഉ.(എം.എസ്) നം.24/2017/ITD നമ്പർ ഉത്തരവ് പ്രകാരം വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള സാഹചര്യത്തിൽ മേൽ മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനം വഴിയല്ലാതെ കൂടിയ നിരക്കിൽ ഉപകരണങ്ങൾ വാങ്ങിയതിനാൽ താഴെപറയും പ്രകാരം അധിക ചെലവുണ്ടായി.

| ക്രമ നം | ഇനം | എണ്ണം | വാങ്ങിയ നിരക്ക് | സി.പി.ആർ.സി.എസ്. നിരക്ക് | അധിക തുക നൽകിയത് |
|---|---|---|---|---|---|
| 1 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 4 | 35000 | 32875 | 8500 |
| 2 | ലേസർ പ്രിന്റർ | 3 | 11500 | 10090 | 4230 |
| 3 | മൾട്ടിഫങ്ഷൻ പ്രിന്റർ | 1 | 17900 | 14726 | 3174 |
| ആകെ | | | | | 15904/- |

ഇപ്രകാരം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിലൂടെ വന്ന അധികച്ചെലവ് (15904/- രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

### 1-27 സബ്സിഡി നിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി

പ്രോജക്ട് നം.-S0048/19

ശുഭരാത്രി- വൃദ്ധർക്ക് കട്ടിൽ

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ- 925000 (വികസന ഫണ്ട്)

ചെലവ്- 674170

1.ബിൽ നം.15/21.03.2019 തുക-434948

2.ബിൽ നം.18/23.03.2019 തുക-86990

3.ബിൽ നം.19/23.03.2019 തുക-65242

4.ബിൽ നം.20/27.03.2019 തുക-86990

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ വൃദ്ധർക്ക്കട്ടിൽ എന്ന പ്രോജക്ട് പ്രകാരം സിഡ്കോയിൽ നിന്ന് 155 കട്ടിലുകൾ 4350/- രൂപ നിരക്കിൽ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഏതാനും ഗുണഭോക്താക്കൾക്ക് 60 വയസ് പൂർത്തിയായിട്ടില്ല എന്ന് വ്യക്തമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | വാർഡ് നം. | ജനിച്ച വർഷം (ആധാർ കാർഡ് പ്രകാരം) |
|---|---|---|---|
| 1 | ശ്രീമതി.ഭാസുരാംഗി, പാലവിളയിൽ, കറ്റാനം | 10 | 1961 |
| 2 | ശ്രീമതി.സൈനബാകുഞ്ഞ്, വട്ടതലവടക്കേടത്ത് | 14 | 1967 |
| 3 | ശ്രീ.മോഹനൻ, കണ്ടത്തിൽ തറയിൽ, പള്ളിക്കൽ നടുവിലേമുറി | 3 | 1963 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ അനുവദിക്കാവുന്നത്. ഈസാഹചര്യത്തിൽ 60 വയസ് പൂർത്തിയാകാത്ത പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/25.11.2020) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ഈ വ്യക്തികൾക്ക് അനുവദിച്ച കട്ടിലിന്റെ വിലയായ 13050/-രൂപ (4350x3) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

### 1-28 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അപാകതകൾ

20.04.2018-ലെ 17-ാം നമ്പർ തീരുമാന പ്രകാരം മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2018-19-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ 45 മെറ്റീരിയൽ പ്രവൃത്തികൾക്കും 26.12.2018- ലെ 12-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം 21 മെറ്റീരിയൽ പ്രവൃത്തികൾക്കും ആയി ആകെ 66 പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽസ് വർക്ക്സൈറ്റിൽ സപ്ലൈ ചെയ്യുന്നതിന് ലഭിച്ച ക്വട്ടേഷനുകൾ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 2018-19 വർഷം 26 മെറ്റീരിയൽ പ്രവൃത്തികൾ നടപ്പാക്കിയിരുന്നു. മെറ്റീരിയൽ പ്രവൃത്തികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ കരാറുകാർ സപ്ലൈ ചെയ്യുന്ന 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡ്സ് കുറവ് ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. (Specification : 1- 27-2-3). എന്നാൽ 2018-19-ലെ മെറ്റീരിയൽ പ്രവൃത്തികളിൽ ടി വ്യവസ്ഥ പാലിച്ചിട്ടില്ല.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക(ടാക്സ് കംപോണന്റ് കിഴിച്ചുള്ള തുക) 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്നിരിക്കെ അപ്രകാരം ജി.എസ്.റ്റി. തുക കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. അപാകതയിന്മേൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 25/27.11.20) ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയ സാങ്കേതികത്വം തുടക്കമായതിനാൽ ശ്രദ്ധിക്കാൻ പറ്റാഞ്ഞതിനാലാണ് സ്റ്റാക്ക് ചെയ്ത വോയ്ഡ്സ് കുറവ് ചെയ്യാതിരുന്നതെന്നും തുടർന്നുള്ള പ്രവൃത്തികളിൽ ഓഡിറ്റ് നിർദ്ദേശമനുസരിച്ച് തന്നെ ചെയ്യാമെന്നും 2018-19 വർഷം 2.5 ലക്ഷം രൂപയിൽ കൂടുതലുള്ള മെറ്റീരിയൽ പ്രവൃത്തികളിൽ നിന്നും 2% ജി.എസ്.റ്റി. തുക കരാറുകാർക്ക് നോട്ടീസ് നൽകി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടാക്സ് തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൌണ്ടിൽ അടവാക്കി ഒടുക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന പദ്ധതി - അവലോകനം-

അർഹതയുള്ള സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം - 140

2. ആകെ രജിസ്റ്റർ ചെയ്തവരിൽ അർഹരായവരുടെ എണ്ണം-107

3. തദ്ദേശ സ്ഥാപനവുമായി കരാർവച്ചവരുടെ എണ്ണം -56

4. നിർമ്മാണം ആരംഭിച്ചവരുടെ എണ്ണം -56

5. നിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം -56

6. കൈപ്പറ്റിയ ധനസഹായത്തിന് ആനുപാതികമായി നിർമ്മാണം പൂർത്തിയാക്കാത്തവർ ഉണ്ടെങ്കിൽ അവരുടെ വിശദാംശങ്ങൾ -0

7. ഈ പദ്ധതിയ്ക്കായി തൻ വർഷം ചെലവഴിച്ച തുകയുടെ വിവരം

| | ഗ്രാമ പഞ്ചായത്ത് വിഹിതം | ബ്ലോക്ക്പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | സംസ്ഥാന വിഹിതം | വായ്പ തുക |
|---|---|---|---|---|---|
| ജനറൽ | 49,30,000 | 13,30,192 | 6,00,042 | 0 | 77,00,000 |
| എസ്.സി | 56,10,000 | 1,10,427 | 9,99,573 | 0 | 0 |

8. ഒന്നാം ഗഡു കൈപ്പറ്റിയതും തുടർന്നുള്ള നിർമ്മാണം നടത്തിയിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം-0

9. ടി പദ്ധതിപ്രകാരം നടന്നിട്ടുള്ള ഭവനനിർമ്മാണത്തിന്റെ ഘട്ടം തിരിച്ചുള്ള വിവരം -

| കരാർ ചമച്ചവർ | ബേസ്മെന്റ് പൂർത്തിയാക്കിയവർ | ലിന്റൽ പൂർത്തിയാക്കിയവർ | മേൽക്കൂര പൂർത്തിയാക്കി വീട് വാസയോഗ്യമാക്കിയവർ |
|---|---|---|---|
| 56 | 56 | 56 | 56 |

ധനസഹായം കൈപ്പറ്റി നിർമ്മാണം നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾ ആരും തന്നെയില്ല.

### 1-30 സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച തുക വിനിയോഗിക്കപ്പെടാതെ പാഴായി -

സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ നല്ലൊരു ശതമാനം തുക ചെലവഴിക്കപ്പെട്ടിട്ടില്ല. 2018-19 വർഷം ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച തുകയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സ് ആയ തുക | ചെലവ് ശതമാനം. |
|---|---|---|---|---|---|
| 1. | മെയിന്റനൻസ് ഗ്രാന്റ് (NR) | 4661000.00 | 3762819.00 | 898181.00 | 80.72 |
| 2. | മെയിന്റനൻസ് ഗ്രാന്റ്(R) | 9688000.00 | 3456231.00 | 6231769.00 | 35.67 |
| 3. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 12772993.00 | 4999584.00 | 7773409.00 | 39.14 |
| 4. | വികസന ഫണ്ട് (SCP) | 14644000.00 | 12627700.00 | 2016300.00 | 86.23 |
| 5. | വികസന ഫണ്ട് (ജനറൽ) | 22692000.00 | 21003637.00 | 1688363.00 | 92.55 |
| 6. | വികസനഫണ്ട് (TSP) | 78666 | 0 | 78666 | 0 |
| | ആകെ | 64536659 | 45849971 | 18686688 | 71.13 |

മേൽ കണക്കുകൾ പരിശോധിച്ചാൽ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഗ്രാന്റിനങ്ങളിലെ ആകെ ചെലവ് 71.04% മാത്രമാണ് എന്ന് കാണാം.ഏകദേശം 29%തുക ചെലവവിക്കപ്പെടാതെ നഷ്ടമായി.

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മേഖല തിരിച്ചുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ഉൽപ്പാദനം) | 8966100.00 | 6361449.00 | 70.95 |
| പൊതുവിഭാഗം (സേവനം) | 65950325.00 | 36665151.00 | 55.59 |
| | | | |

| | | | |
|---|---|---|---|
| പൊതുവിഭാഗം (പശ്ചാത്തലം) | 34257080.00 | 9947736.00 | 29.03 |
| പട്ടികജാതി വിഭാഗം(ഉൽപ്പാദനം) | 3562413.00 | 210750.00 | 5.91 |
| പട്ടികജാതി വിഭാഗം(സേവനം) | 23874661.00 | 13817950.00 | 57.87 |
| പട്ടികവർഗ്ഗ വിഭാഗം(സേവനം) | 118000.00 | 0 | 0 |

മേഖല തിരിച്ചുള്ള ചെലവുകളിലും വളരെ ഗണ്യമായ കുറവാണ് തൻവർഷം ഉണ്ടായിട്ടുള്ളത് എന്ന് മേൽ കണക്കുകളിൽ നിന്നും വ്യക്തമാണ്. ഇപ്രകാരം വിവിധയിനം ഗ്രാന്റുകളുടെയും,ആയവയുടെ തന്നെ മേഖല തിരിച്ചുള്ള വിനിയോഗത്തിലും ഗണ്യമായ കുറവ് ഉണ്ടാകുന്നത് പദ്ധതി ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കാതെ നഷ്ടപ്പെടുന്നതിന് കാരണമാകുകയും അതിലൂടെ ഗുണഭോക്താക്കളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിന് തടസ്സമാകുകയും ചെയ്യുന്നു.ജനങ്ങളുടെ ക്ഷേമത്തിനായി സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധയിനം ഫണ്ടുകൾ യഥായോഗ്യം പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള.ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകതകൾ

പ്രോജക്ട് നം. - SO188/19 – എൻജിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ-

അടങ്കൽ - 50000/-(വികസന ഫണ്ട്-ജനറൽ)

കരാറുകാരൻ - സുനിൽകുമാർ, കോമളത്ത്, കട്ടച്ചിറ.

ചെലവഴിച്ച തുക -27500/- ബിൽ നം.21/18-19 dt.28-02-19

എഗ്രിമെന്റ് നം.33/AE/LSGD/BGP/31-01-19

2018-19 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എൻജിനീയറിംഗ് വിഭാഗത്തിന് വാഹനം വാടകയ്ക്ക് എടുക്കൽ എന്ന പ്രോജക്ട് പ്രകാരം ശ്രീമതി.പ്രീതി സുനിൽകുമാർ എന്നയാളുടെ പേരിലുള്ള അക്കൗണ്ടിലേക്ക് വാഹനം ഓടിയതിന്റെ വാടക ഇനത്തിൽ മേൽ രേഖപ്പെടുത്തിയ പ്രകാരം തുക നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം, പഞ്ചായത്തിലെ എൻജിനീയറിംഗ് വിഭാഗം വാടകയ്ക്ക് എടുത്തിട്ടുള്ള KL-04-Q-5700 എന്ന നമ്പരിൽ ഉള്ള വാഹനത്തിന്റെ ഉടമ ശ്രീമതി.പ്രീതി സുനിൽകുമാർ എന്ന വ്യക്തിയാണ്. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ച് പഞ്ചായത്തുമായി കരാർ വെച്ചിട്ടുള്ളത് ശ്രീ.സുനിൽകുമാർ, കോമളത്ത് എന്നയാളാണ്. വാടകയ്ക്ക് എടുത്ത വാഹനം ക്വട്ടേഷൻ സമർപ്പിച്ച് പഞ്ചായത്തുമായി കരാർ വെച്ച വ്യക്തിയുടേതല്ലായെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

2. കേരള മോട്ടോർ വെഹിക്കിൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം ഈ വാഹനം NON-TRANSPORT വിഭാഗത്തിൽപ്പെടുന്ന വാഹനമാണ്. NON-TRANSPORT വിഭാഗത്തിൽപ്പെടുന്ന വാഹനം സ്വകാര്യ ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ എന്നിരിക്കെ, ആയത് പബ്ലിക് വാഹനമായി വാടകയ്ക്ക് കരാറുകാരൻ

നൽകിയത് ക്രമവിരുദ്ധമാണ്. ഇത്തരം നടപടികൾ മൂലം നികുതി ഇനത്തിൽ വൻ വരുമാന നഷ്ടമാണ് സർക്കാരിന് ഉണ്ടാകുന്നത്.

3. ഫ്യൂവൽ അക്കൗണ്ട് രജിസ്റ്ററിന്റെ പേജുകൾ ചേർത്തുവെച്ച് ലോഗ് ബുക്ക് മാതൃകയിൽ ഉണ്ടാക്കിയ രജിസ്റ്ററിൽ യാത്ര ആരംഭിച്ച 01-02-2019 മുതൽ യാത്ര അവസാനിച്ച 30-03-2019 വരെയുള്ള യാത്രകളിൽ സഞ്ചരിച്ച ദൂരം, ആരംഭ മീറ്റർ റീഡിംഗ്, അവസാനിക്കുന്ന മീറ്റർ റീഡിംഗ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. എവിടെയൊക്കെയാണ് യാത്ര ചെയ്തതെന്ന വിവരവും രേഖപ്പെടുത്തിയിട്ടില്ല.

4. 30-03-2019 ൽ ആകെ സഞ്ചരിച്ച ദൂരം 1371 km. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആരംഭ മീറ്റർ റീഡിംഗ് (285048), അവസാനിക്കുന്ന മീറ്റർ റീഡിംഗ്(287642) എന്നിവയുടെ വ്യത്യാസം അനുസരിച്ച് ആകെ സഞ്ചരിച്ച ദൂരം 2594 km ആണ്. കരാർ പ്രകാരം ആദ്യത്തെ 1200 km.ന് 27500/-രൂപയും തുടർന്നുള്ള ഓരോ കിലോമീറ്ററിനും 8/- രൂപ നിരക്കിലുമാണ് തുക നൽകേണ്ടത്. ബാക്കിയുള്ള 1394 km-ന് 13/- രൂപ നിരക്കിൽ കരാറുകാരന് ലഭിക്കേണ്ടത് 18122/- രൂപയാണ്. ഇത്രയും തുക കരാറുകാരൻ വാങ്ങിയിട്ടില്ലായെന്നതിൽ നിന്നു തന്നെ ഈ പദ്ധതി നിർവ്വഹണം സുതാര്യമല്ലായെന്ന് വ്യക്തമാണ്.

5. പഞ്ചായത്തുമായി കരാർ വെച്ച കരാറുകാരൻ സുനിൽകുമാർ, കോമളത്ത് എന്നയാളാണ് എന്നിരിക്കെ ശ്രീമതി.പ്രീതി സുനിൽകുമാർ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് തുക നൽകിയതിന്റെ സാംഗത്യവും വ്യക്തമല്ല. സുനിൽകുമാർ, കോമളത്ത് എന്ന വ്യക്തിയുടെ വാഹനം എൻജിനീയറിംഗ് വിഭാഗം വാടകയ്ക്ക് എടുത്തുവെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.

കരാറുകാരന്റേതല്ലാത്ത, സ്വകാര്യ ആവശ്യത്തിന് മാത്രം ഉപയോഗിക്കാൻ അനുമതിയുള്ള വാഹനം ഔദ്യോഗിക ആവശ്യത്തിന് വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുകയും, ആവശ്യമായ രേഖകൾ സൂക്ഷിക്കാതെയും നടപടി ക്രമങ്ങൾ പാലിക്കാതെ തുക ചെലവഴിക്കുകയും ചെയ്തത് ക്രമവിരുദ്ധമാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (20/26-11-2020) ലഭ്യമാക്കിയ മറുപടിയിൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് തുക നൽകിയതെന്നും, പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും വരുത്തിയിട്ടില്ലായെന്നും എന്നമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എൻക്വയറിയിൽ രേഖപ്പെടുത്തിയ അപാകതകൾക്ക് യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ വെളിച്ചത്തിലും, നിർവ്വഹണത്തിൽ ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് കൃത്യമായി മറുപടി ലഭ്യമാക്കാത്തതിനാലും, ചെലവഴിച്ച 27500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

### 3-2 സ്പോർട്സ് കിറ്റ് വിതരണം -മാർഗ്ഗ രേഖ പ്രകാരമുള്ള തുകയേക്കാളും അധികം നല്കി-

പ്രോജക്ട് നം.-161/19 (എസ്0087/18) (സ്പിൽ ഓവർ പ്രോജക്ട്)

അടങ്കൽ തുക-102000

ചെലവ് തുക- 101000 (ബിൽ നം.- 1/18-19, 23.05.2018)

2017-18 സാമ്പത്തിക വർഷം എച്ച്.എം നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പദ്ധതിയാണ് ക്ലബുക്കൾക്ക് സ്പോർട്സ് കിറ്റ് വിതരണം. സ.ഉ(എം.എസ്)നം.80/2017, 03.04.2017 പ്രകാരം രജിസ്റ്റേഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന പ്രോജക്ട് പ്രകാരം ഒരു സംഘടനയ്ക്ക് 2000/- രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നല്കാനാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ, ഇവിടെ 10 ക്ലബുകൾക്ക് 10100/- രൂപ വീതം വിലയുള്ള സാധനങ്ങൾ വീതമാണ് വിതരണം ചെയ്തിട്ടുള്ളത്. ആയതിനാൽ, മാർഗ്ഗരേഖയിൽ അനുവദിച്ചിരിക്കുന്നതിലും അധികം ചെലവഴിച്ച തുകയായ 81000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക 2017-18 സാമ്പത്തിക വർഷം ഈ പദ്ധതി നിർവ്വഹണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ.രഘുനാഥക്കുറുപ്പിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

മറ്റ് അപാകതകൾ താഴെ കൊടുക്കുന്നു.

1. ആനുകൂല്യം കൈപ്പറ്റിയ 10 ക്ലബുകളുടെ അപേക്ഷ പരിശോധിച്ചതിൽ, 4 ക്ലബുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. (പൂക്കാലം ആർട്ട്സ് & സ്പോർട്സ് ക്ലബ്, ദേശാഭിമാനി ആർട്ട്സ് & സ്പോർട്സ് ക്ലബ്, അഗ്ര ആർട്ട്സ് & സ്പോർട്സ് ക്ലബ്, യങ് മെൻസ് അസോസിയേഷൻ)

2. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ പ്രകാരം, എല്ലാ സ്ഥാപനങ്ങളും 2008 മുതൽ 2016 വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ നേടിയിട്ടുള്ളവയാണ്. ആയതിനാൽ, നിലവിൽ ടി ക്ലബുകൾക്ക് രജിസ്ട്രേഷൻ ഉള്ളവയാണ് എന്നത് ഓഡിറ്റിൽ വ്യക്തമല്ല.

3. കൈപ്പറ്റ് രസീത് പരിശോധിച്ചതിൽ, 10 ക്ലബുകൾ സാധനങ്ങൾ കൈപ്പറ്റിയിട്ടുണ്ട്. അതിൽ 2 ക്ലബുകൾ സീൽ വെയ്ക്കാതെയാണ് സാധനങ്ങൾ കൈപ്പറ്റിയിട്ടുള്ളത് എന്നതിനാൽ ഏത് സ്ഥാപനമാണ് കൈപ്പറ്റിയത് എന്ന് വ്യക്തമല്ല.

4. 15.03.2018, 27.03.2018 എന്നീ തീയതികളിൽ സാധനം വാങ്ങുന്നതിനായുള്ള ക്വട്ടേഷൻ ക്ഷണിച്ച് പത്ര പരസ്യം നല്കിയിട്ടുണ്ട്. എന്നാൽ സാധനം വാങ്ങിയ സ്ഥാപനത്തിന്റെ ക്വട്ടേഷൻ രേഖകൾ മാത്രമാണ് ഫയലിലുള്ളത്.

5. പർച്ചേസ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ, ടി വാങ്ങൽ നടപടികൾ പർച്ചേസ് കമ്മറ്റി അംഗീകരിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 9/24.11.2020) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അമിതമായി ചെലവഴിച്ച 81000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

### 3-3 മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-കുറഞ്ഞ നിരക്ക് പരിഗണിക്കാതിരുന്നതിനാൽ അധികചെലവ്

സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ പ്രപ്പോസൽ പരിഗണിക്കാതെ മരുന്ന് വാങ്ങിയത് മൂലം അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ പരിശോധനാ വിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നം. :47/19

അടങ്കൽ: 3,00,000(വി.ഫ)

ചെലവ്:3,00,000(ബിൽ നം.07/18-19/25.03.19)

13.11.2018-ൽ ടെണ്ടർ ക്ഷണിച്ചതിൽ R&D സർട്ടിഫിക്കേഷൻ ഉള്ള 3 അംഗീകൃത സ്ഥാപനങ്ങളുടെ ഓഫർ ലഭിക്കുകയും മരുന്നുകളുടെ വിലവിവരം താരതമ്യം ചെയ്ത് മൂന്ന സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ വാങ്ങിയതായും കാണുന്നു. Emdees Wholesale Pharmeceutical Distributors എന്ന സ്ഥാപനത്തിൽ നിന്ന് 123159/- രൂപയും Shifa Pharma എന്ന സ്ഥാപനത്തിൽ നിന്ന് 170453/- രൂപയും Leean Enterprises(VET)എന്ന സ്ഥാപനത്തിൽ നിന്ന് 6388/- രൂപയും സബ് വൗച്ചറുകൾക്കനുസൃതമായി മരുന്നുകൾ വാങ്ങിയിട്ടുണ്ട്. മരുന്നുകൾ ടി മൂന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്നതിന് കുറഞ്ഞ നിരക്ക്, R&D certification എന്നീ മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ താഴെ കൊടുത്തിട്ടുള്ള മരുന്നുകൾ കുറഞ്ഞ നിരക്ക് പരിഗണിക്കാതെ വാങ്ങിയത് മൂലം അധികചെലവുണ്ടായിട്ടുണ്ട്.

| ക്രമനം | ഇനം | വാങ്ങിയ നിരക്ക്/ സ്ഥാപനം | എണ്ണം | നൽകിയ തുക | കുറഞ്ഞനിരക്ക്/ സ്ഥാപനം | കുറഞ്ഞനിരക്ക് പരിഗണിക്കാതിരു-ന്നതിനാൽ വന്ന അധിക ചെലവ് |
|---|---|---|---|---|---|---|
| 1. | Inj. Enrofloxacin 100ml | Rs.93 Shifa Pharma | 100 | 9300 | Rs. 73.90 Emdees | 1910/- (9300-7390) |
| 2. | Inj.Amoxicilln+ Cloxacillin 4.5gm | Rs. 98.65 Shifa Pharma | 100 | 9865 | Rs.68.47 Leean | 3018 (9865-6847) |
| 3. | Inj. Ceftiofur Sodium | Rs. 215 | 100 | 21500 | Rs.189.24 | 2576/- |

| | | | | | | |
|---|---|---|---|---|---|---|
| | 1gm | Emdees | | | Leean | (21500-18924) |
| 4. | Inj. Flunixine Meglumine 20ml | Rs. 122<br>Shifa Pharma | 100 | 12200 | Rs. 57.74<br>Leean | 6426/-<br>(12200-5774) |
| 5. | Tetracycline Boluses | Rs. 10.93<br>Leean | 500 | 5465 | Rs.9.75<br>Shifa | 590/-<br>(5465-4875) |
| | | | | | ആകെ | 14520 |

ടി വിഷയത്തിൽ നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 23/27.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി 13.11.2018-ൽ അംഗീകൃത ഏജൻസികളിൽ നിന്നും നിലവിൽ 5 വർഷമായി മാർക്കറ്റിൽ മരുന്ന് സപ്ലൈ ചെയ്യുന്നവരും ക്വാളിറ്റിയുടെ ബഞ്ച്മാർക്കായ R&D സർട്ടിഫിക്കേഷൻ ഉള്ളവരുമായ മരുന്ന കമ്പനികളിൽ നിന്നും 34 ഇനം മരുന്നുകളുടെ അളവും ജനറിക് പേരുകളും സഹിതം ദർഘാസ് ക്ഷണിച്ചതിൽ ടി മാനദണ്ഡങ്ങൾ പാലിച്ച Emdees Wholesale Pharmeceutical Distributors, Shifa Pharma, Leean Enterprises(VET) എന്നീ മൂന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും കുറഞ്ഞ നിരക്ക് അടിസ്ഥാനമാക്കിയാണ് പട്ടികയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മരുന്നുകൾ ടി സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുകയും ചെയ്തിട്ടുള്ളത്. അപാകതയുടെ അടിസ്ഥാനത്തിൽ കുറഞ്ഞ നിരക്ക് പരിഗണിക്കാതെ നടത്തിയ വാങ്ങൽ മൂലമുള്ള അധിക ചെലവ് 14520/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-4 പഞ്ചായത്ത് ഓഫീസിൽ സി.സി. ടി.വി. ക്യാമറ സ്ഥാപിക്കൽ- കൂടിയ നിരക്ക് അംഗീകരിച്ചത് മൂലം അധിക ചെലവ്

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ടാണ് പഞ്ചായത്ത് ഓഫീസിൽ സി.സി. ടിവി ക്യാമറ സ്ഥാപിക്കൽ. (പ്രോ.നം.162/19). ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ഒരു ലക്ഷം രൂപ വകയിരുത്തി 86,000/- രൂപ ട്രഷറി ബിൽ നം. 02/18-19/23.05.18 പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സി.സി.ടിവി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 21.10.2017-ൽ ടെണ്ടർ ക്ഷണിച്ചതിൽ 6 വ്യക്തികൾ/ സ്ഥാപനങ്ങളുടെ ഓഫർ ലഭിക്കുകയുണ്ടായി. ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തത് താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളായിരുന്നു.

1) Absolute Inc – Rs. 55132+ Rs.65/m for cable & cabling charges.

2) Clickon IT Associates- Rs. 65770+ Rs.61/m for cable & cabling charges.

എന്നാൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ പരിഗണിക്കാതെ Clickon IT Associates എന്ന സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകി വർക്ക് ഓർഡർ നൽകുകയാണുണ്ടായത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ഓഫർ നിരസിച്ചതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

2. 30.11.2017-ലെ 1(2)-ാം നമ്പർ തീരുമാന പ്രകാരം പദ്ധതിക്കായി പർച്ചേസ് കമ്മിറ്റിയുടേയും ടെക്നിക്കൽ എക്സ്പേർട്ടിന്റേയും അഭിപ്രായമാരാഞ്ഞതിന്റേയും പ്രസിഡന്റ് നേരിട്ട് നടത്തിയ നെഗോസിയേഷന്റേയും പർച്ചേസ് കമ്മിറ്റി ശുപാർശയുടേയും അടിസ്ഥാനത്തിൽ ആകെ 86000/- രൂപയ്ക്ക് സി.സി.ടിവി സ്ഥാപിച്ച് നൽകുന്നതിന് തയാറായ Clickon IT Associates, അടൂർ എന്ന സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സി.സി ടിവി സ്ഥാപിക്കലുമായി ബന്ധപ്പെട്ട് രൂപീകരിച്ച പർച്ചേസ് കമ്മിറ്റിയുടെ അംഗങ്ങളുടെ പേര് വിവരം, മിനിറ്റ്സ്, ശുപാർശ എന്നിവ ലഭ്യമല്ല.

3. Clickon IT Associates ന്റെ 30.01.2018-ലെ 61-ാം നമ്പർ ക്യാഷ് ബിൽ പ്രകാരം (86,000/- രൂപയുടേത്) ക്രമ നം. 9 ആയി cable 180mtr ന് 3419/-രൂപയും, ക്രമനം.13 ആയി Employment wages & Other Expense ഇനത്തിൽ 17695/- രൂപയും ഉൾപ്പെടെ ആകെ 21114/- രൂപ cable & cabling charges ഇനത്തിൽ ചെലവായതായി ബില്ലിൽ നിന്നും വ്യക്തമാകുന്നു.

ബിൽ പ്രകാരം സിസി.ടിവി സ്ഥാപിക്കുന്നതിന് ഉപയോഗിച്ച കേബിൾ 180 മീറ്റർ ആയിരിക്കെ സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഷെഡ്യൂളിൽ കൊടുത്തിട്ടുള്ള Rs. 61/mtr എന്ന നിരക്ക് പാലിച്ചതായി കാണുന്നില്ല. ടെണ്ടർ ഷെഡ്യൂളിൽ പ്രസ്താവിച്ച നിരക്ക് പ്രകാരം (180x61) 10980/- രൂപക്ക് മാത്രമാണ് സ്ഥാപനത്തിന് അർഹത.

മേൽ അപാകതകളിന്മേൽ രേഖകൾ സഹിതം അടിയന്തരമായി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം. 22/27.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Absolute Inc എന്ന സ്ഥാപനത്തിന്റെ നിരക്കിൽ സി.സി. ടിവി സ്ഥാപിക്കലുമായി വരുമായിരുന്ന ചെലവ് താഴെപറയും പ്രകാരം കണക്കാക്കാവുന്നതാണ്.

Rs. 55132+ Rs.65 x180 = 66832/- രൂപ.

ആയതിനാൽ കുറഞ്ഞനിരക്ക് നിരക്ക് പരിഗണിക്കാതെ കൂടിയ നിരക്കിൽ വർക്ക് ഓർഡർ നൽകിയതു മൂലമുണ്ടായ അധിക ചെലവ് 19168/-രൂപ (86000-66832) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-5 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഐ.റ്റി. ഉപകരണങ്ങൾ വാങ്ങി-അധിക തുക നൽകിയത് നിരാകരിക്കുന്നു

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മറ്റും കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി. ഉപകരണങ്ങൾ കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ (cprcs.kerala.gov.in) മുഖേന വാങ്ങേണ്ടതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും (01.02.2018-ലെ സ.ഉ.(സാധാ)നം. 25/2018/ITD) ഇതിനായി സ്റ്റോർ പർച്ചേസ് മാനുവലിൽ 7.52 ആയി ഖണ്ഡിക കൂട്ടിച്ചേർക്കുകയും ഐ.ടി. വകുപ്പ് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരിക്കേ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിച്ച് സ്വകാര്യ സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടറും പ്രിന്ററുകളും താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വാങ്ങിയതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

1) പ്രോ. നം. 08/19 (പഞ്ചായത്ത് ഓഫീസ് ഉപയോഗത്തിന് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ)

അടങ്കൽ : 1,00,000/- (തനതു ഫണ്ട്)

ചെലവ് : 99400/- (ചെക്ക് നം. 07595548/13.03.19)

ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ (Acer i3 veriton- Rs. 35000/- per unit without Operating System/OS details not mentioned) 2 പ്രിന്ററുകൾ (Printer Brother 2520D Rs.11500/-, Printer Cannon MF4820D-Rs.17900/-) എന്നിവ വാങ്ങിയിട്ടുണ്ട്.

2) പ്രോ. നം. 09/19 (വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളുടെ ഓഫീസ് ഉപയോഗത്തിന് കമ്പ്യൂട്ടർ, പ്രിന്റർ)

അടങ്കൽ : 1,00,000/-(തനത് ഫണ്ട്)

ചെലവ് : 93000/- (ചെക്ക് നം. 2886494/16.01.19)

ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ആർ.ജെ.എന്റർപ്രൈസസ്, കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് 2 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ (Acer i3 veriton- Rs. 35000/- per unit without Operating System/OS details not mentioned) 2 പ്രിന്ററുകൾ (Printer Brother 2520D Rs.11500/- per Unit) എന്നിവ വാങ്ങിയിട്ടുണ്ട്.

സി.പി.ആർ.സി.എസ്. പ്രസിദ്ധീകരിച്ച ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിലവിവര പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് വാങ്ങിയ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറിന്റെ യഥാർത്ഥ വില ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഇനം | വില വിവരം |
|---|---|---|
| 1 | Desktop Computer<br><br>Brand -Acer Corei3, 4GB RAM<br><br>1TB -HDD<br><br>19.5" LED Display<br><br>3 yr Warranty | 30,527(Ubuntu)<br><br>32,875 (Windows 10) |

http://cprcs.kerala.gov.in പ്രകാരം A4 monochrome പ്രിന്ററുകളുടെ വിലവിവരം താഴെ പറയും പ്രകാരമാണ്.

Laser Printer -10090/-;

Multifunction Printer- 14726/-

സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഇപ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.18/25.11.2020)ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിരുന്നാലും സമയബന്ധിതമായി ആവശ്യാനുസരണം ഉപകരണങ്ങൾ ലഭ്യമാകാത്ത അവസ്ഥയാണുള്ളതെന്നും വകുപ്പ് മുഖാന്തിരം ഐ.റ്റി. വകുപ്പിന് ടി വിഷയം സംബന്ധിച്ച് നിരവധി പ്രാവശ്യം അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും ഗ്രാമപഞ്ചായത്തിന്റെ സേവനങ്ങൾ സമയബന്ധിതമായി ചെയ്യുന്നതിനാണ് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പാലിച്ച് ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്നുമാണ് മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്. എന്നാൽ തദ്ദേശസ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ 09.01.2018-ൽ പ്രസിദ്ധീകരിച്ച അറിയിപ്പ് താഴെ പറയുംപ്രകാരമാണ്.

***"It is mandatory that all Government Departments/PSUs shall purchase commonly used hardware items such as Desktops/ Laptops/ Printers/ Scanners only through this centralised procurement portal. All the procurement will be based on the Technical Specifications prepared and approved by KSITM Technical Committee and if any user intends to procure IT items with specifications other than what is given in this portal, it will be considered as an exceptional case. All such cases will be approved only after detailed scrutiny by authorised committee.***

***It is required to create an account exclusively for your department to carry out the above-mentioned procurement.As per the Government Order, G.O (MS) No. 24/2017/ITD Dated 18/11/2017, Sanction has been received to initiate an end to end e-Marketplace, "IT @ Your Finger Tips" for all Departments/PSUs under Government of Kerala.***

***http://cprcs.kerala.gov.in ".***

സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകത മുൻനിർത്തി വളരെ പ്രാധാന്യം നൽകിക്കൊണ്ട് സർക്കാർ നടപ്പാക്കിയ ടി സംവിധാനത്തിലൂടെയല്ലാതെ ഐ.റ്റി.ഉപകരണങ്ങൾ വാങ്ങാൻ പാടുള്ളതല്ല എന്ന കർശന നിർദ്ദേശം 18.11.2017-ലെ സ.ഉ.(എം.എസ്) നം.24/2017/ITD നമ്പർ ഉത്തരവ് പ്രകാരം വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നൽകിയിട്ടുള്ള സാഹചര്യത്തിൽ മേൽ മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനം വഴിയല്ലാതെ കൂടിയ നിരക്കിൽ ഉപകരണങ്ങൾ വാങ്ങിയതിനാൽ താഴെപറയും പ്രകാരം അധിക ചെലവുണ്ടായി.

| ക്രമ നം | ഇനം | എണ്ണം | വാങ്ങിയ നിരക്ക് | സി.പി.ആർ.സി.എസ്. നിരക്ക് | അധിക തുക നൽകിയത് |
|---|---|---|---|---|---|
| 1 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 4 | 35000 | 32875 | 8500 |

| | | | | | |
|---|---|---|---|---|---|
| 2 | ലേസർ പ്രിന്റർ | 3 | 11500 | 10090 | 4230 |
| 3 | മൾട്ടിഫങ്ഷൻ പ്രിന്റർ | 1 | 17900 | 14726 | 3174 |
| ആകെ | | | | | 15904/- |

ഇപ്രകാരം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വാങ്ങൽ നടത്തിയതിലൂടെ വന്ന അധികച്ചെലവ് (15904/- രൂപ) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

### 3-6 സബ്സിഡി നിർദ്ദേശങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി

പ്രോജക്ട് നം.-S0048/19

ശുഭരാത്രി- വൃദ്ധർക്ക് കട്ടിൽ

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അടങ്കൽ- 925000 (വികസന ഫണ്ട്)

ചെലവ്- 674170

1.ബിൽ നം.15/21.03.2019 തുക-434948

2.ബിൽ നം.18/23.03.2019 തുക-86990

3.ബിൽ നം.19/23.03.2019 തുക-65242

4.ബിൽ നം.20/27.03.2019 തുക-86990

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ വൃദ്ധർക്ക്കട്ടിൽ എന്ന പ്രോജക്ട് പ്രകാരം സിഡ്കോയിൽ നിന്ന് 155 കട്ടിലുകൾ 4350/- രൂപ നിരക്കിൽ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകളോടൊപ്പം ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഏതാനും ഗുണഭോക്താക്കൾക്ക് 60 വയസ് പൂർത്തിയായിട്ടില്ല എന്ന് വ്യക്തമാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്,മേൽവിലാസം | വാർഡ് നം. | ജനിച്ച വർഷം (ആധാർ കാർഡ് പ്രകാരം) |
|---|---|---|---|
| 1 | ശ്രീമതി.ഭാസുരാംഗി, പാലവിളയിൽ, കറ്റാനം | 10 | 1961 |
| 2 | ശ്രീമതി.സൈനബാകുഞ്ഞ്, വട്ടതലവടക്കേടത്ത് | 14 | 1967 |
| 3 | ശ്രീ.മോഹനൻ, കണ്ടത്തിൽ തറയിൽ, പള്ളിക്കൽ നടുവിലേമുറി | 3 | 1963 |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ അനുവദിക്കാവുന്നത്. ഈസാഹചര്യത്തിൽ 60 വയസ് പൂർത്തിയാകാത്ത പ്രസ്തുത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/25.11.2020) മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ഈ വ്യക്തികൾക്ക് അനുവദിച്ച കട്ടിലിന്റെ വിലയായ 13050/-രൂപ (4350x3) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 400000 | പാലിന് സബ്സിഡി (വനിത) | 400000 | |
| | 2018-2019 | 138320 | പാലിയേറ്റീവ് കെയർ | 138320 | |
| | 2018-19 | 250000 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സഹായം | 250000 | |
| | 2018-19 | 1009164 | ലൈഫ് മിഷൻ (ജനറൽ) | 1009164 | |
| | 2018-19 | 321028 | ലൈഫ് മിഷൻ (ജനറൽ) | 321028 | |
| | 2018-19 | 400000 | പാലിന് സബ്സിഡി (ജനറൽ) | 400000 | |
| | 2018-19 | 110427 | ലൈഫ് മിഷൻ (എസ്.സി.പി) | 110427 | |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 520272 | ലൈഫ് (എസ്.സി.പി) | 520272 | |
| | 2018-2019 | 272233 | ലൈഫ് (എസ്.സി.പി | 272233 | |
| | 2018-2019 | 1500000 | ലൈഫ് (എസ്.സി.പി) | 207068 | |
| | 2018-2019 | 101132 | ലൈഫ് മിഷൻ (ജനറൽ) | 101132 | |
| | 2018-2019 | 498910 | ലൈഫ് മിഷൻ (ജനറൽ) | 498910 | |
| | 2018-2019 | 100000 | പോഷകാഹാര പദ്ധതി | 100000 | |
| | 2018-2019 | 250000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 250000 | |

4-2 <u>ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ</u>

ഇല്ല

4-3 <u>മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്</u>

ഇല്ല

4-4 <u>വായ്പ/വായ്പ തിരിച്ചടവ്</u>

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | കുറിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | 7760080 | | | | 7760080 |

4-5 <u>സ്ഥിരനിക്ഷേപങ്ങൾ</u>

ഇല്ല

4-6 <u>ഓഡിറ്റ് റിക്കവറി</u>

ഇല്ല

4-7 <u>സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.</u>
ഇല്ല

4-8 <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ)<u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92608116.00 |
| | |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89829918.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം | 171142 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 350000.00 |

(ബി).<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 27500.00 | സാജ്.എം, അസിസ്റ്റന്റ് എൻജിനീയർ. |
| 3-2 | | 81000.00 | രഘുനാഥക്കുറുപ്പ്, ഹെഡ്മാസ്റ്റർ |
| 3-3 | | 14520.00 | ഡോ.എസ്സ്.ജെ.ലേഖ, വെറ്ററിനറി സർജൻ. |
| 3-4 | | 19168.00 | ശുഭാദേവി.എസ്സ്., സെക്രട്ടറി. |
| 3-5 | | 15904.00 | ശുഭാദേവി.എസ്സ്., സെക്രട്ടറി. |
| 3-6 | | 13050.00 | മേരിലത.പി, ഐസിഡിഎസ്സ്.സൂപ്പർവൈസർ. |
| ആകെ | | 171142 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| | | |
|---|---|---|
| 1-19 | 350000.00 | ശുഭാദേവി.എസ്സ്., സെക്രട്ടറി, സരയൂ കൃഷ്ണ നഗർ, കണ്ടല്ലൂർ.പി.ഒ, കായംകുളം, ആലപ്പുഴ. |

(സി) <u>കേന്ദ്ര-സംസ്ഥാനസർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി)<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സാജ്.എം, അസിസ്റ്റന്റ് എൻജിനീയർ. | അസിസ്റ്റന്റ് എൻജിനീയർ, പുളിമാത്ത് ഗ്രാമ പഞ്ചായത്ത്, | സന്ധ്യ, എംജി.റോഡ്, |

| | | |
|---|---|---|
| | തിരുവനന്തപുരം. | ആറ്റിങ്ങൽ, തിരുവനന്തപുരം. |
| ശുഭാദേവി.എസ്സ്, സെക്രട്ടറി. | സെക്രട്ടറി, കുമാരപുരം ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ. | സരയൂകൃഷ്ണനഗർ, കണ്ടല്ലൂർ.പി.ഒ, കായംകുളം, ആലപ്പുഴ. |
| രഘുനാഥക്കുറുപ്പ്, എച്ച്.എം. | എച്ച്.എം., ഗവ. യു.പി.എസ്. പള്ളിക്കൽ | രഘുമന്ദിരം, കട്ടച്ചിറ, പള്ളിക്കൽ.പി.ഒ. |
| ഡോ.എസ്സ്.ജെ.ലേഖ, വെറ്ററിനറി സർജൻ. | ചീഫ് വെറ്ററിനറി സർജൻ, ജില്ലാ വെറ്ററിനറി ഹോസ്പിറ്റൽ, ആലപ്പുഴ. | ഉച്ചിക്കൽ പടീറ്റതിൽ, കൊയ്പ്പള്ളി കാരാഴ്മ, ഓലകെട്ടിയമ്പലം, മാവേലിക്കര, ആലപ്പുഴ. |
| മേരിലത.പി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ ചിപ്പുമല, കൊല്ലം | സ്തുതി(കാപ്പിൽ), പേരയം, മുളവന പി.ഒ, കൊല്ലം. |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ.5/1832/11/02.02.12 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5/1577/13/22.05.14 |
| 2010-11 | എൽ.എഫ്.എ.പി.6/21/2013/20.06.13 |
| 2011-12 | എൽ.എഫ്.എ.പി6/1007/14/08.10.14 |
| 2012-13 | എൽ.എഫ്.എ.പി.6/234/15/04.04.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/പി6/1615/15/23.01.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി6/829/2016/29.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി6/1454/16 തീയതി:14-12-2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി6/988/2017 തീയതി.22.07.17/03.08.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി6/63/2019 തീയതി.15/01/2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ

<u>അനുബന്ധം-1</u>

നം. കെ.എസ്.എ-എ.എൽ.പി./പി.6/806/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: doalp.ksad@kerala.gov.in

തീയതി : 04.01.2021

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം-2</u>

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ